കേരള സംഗീത നാടക അക്കാദമി




# വാർഷിക റിപ്പോർട്ട് / ഓഡിറ്റ് റിപ്പോർട്ട്

## 2021 - 2022

# 2021-2022 വർഷത്തെ വാർഷിക റിപ്പോർട്ട്


| നമ്പർ | വിഷയസൂചിക | പേജ് |
|---|---|---|
| 1. | ആമുഖം | 1 |
| 2. | ഭരണനിർവ്വഹണം | 1 |
| 3. | സ്വാതി സംഗീത പുരസ്കാര സമർപ്പണം | 2 |
| 4. | എസ്.എൽ.പുരം സദാനന്ദൻ നാടക പുരസ്കാരം | 2 |
| 5. | സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം - 2019 | 3 |
| 6. | ഷട്കാല ഗോവിന്ദമാരാർ സംഗീതോത്സവം | 3 |
| 7 | സംസ്ഥാന പ്രൊഫഷണൽ നാടക പുരസ്കാര സമർപ്പണം - 2019 | 5 |
| 8. | ഹോപ്ഫെസ്റ്റ് | 5 |
| 9. | 2020ലെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ | 6 |
| 10. | 2021ലെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ | 11 |
| 11. | പ്രൊഫഷണൽ കലാസംഘം, പ്രൊഫഷണൽ നാടകസമിതികൾക്ക് അംഗീകാരം നൽകിയത്/പുതുക്കിയത് | 13 |
| 12. | അമേച്വർ കലാസമിതികൾക്ക് അംഗീകാരം നൽകിയത്/പുതുക്കിയത് | 13 |
| 13. | കലാകാരന്മാർക്കുള്ള അപകടവൈദ്യ ഇൻഷ്വറൻസ് പദ്ധതി | 13 |
| 14. | കേന്ദ്ര സാംസ്കാരിക കാര്യ വകുപ്പ്/ കേന്ദ്ര സംഗീത് നാടക് അക്കാദമി ധനസഹായം | 13 |
| 15. | കേന്ദ്ര കലാകാര പെൻഷൻ | 14 |
| 16 | സംസ്ഥാന കലാകാര പെൻഷൻ | 14 |
| 17. | കലാപരിശീലനത്തിന് ധനസഹായം/സ്റ്റൈപ്പന്റ് | 14 |

| നമ്പർ | വിഷയസൂചിക | പേജ് |
|---|---|---|
| 18. | ബി.ടി.എ/എം.ടി.എ സ്കോളർഷിപ്പ് | 14 |
| 19. | കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി | 15 |
| 20. | വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ | 15 |
| 21. | കേളി | 15 |
| 22. | പുസ്തക പ്രസിദ്ധീകരണം | 16 |
| 23. | എം.ആർ.ബി.സ്മാരക ഗ്രന്ഥാലയം | 17 |
| 24.. | സി.എൻ. ശ്രീകണ്ഠൻ നായർ ഗസ്റ്റ് ഹൗസ് | 17 |
| 25. | കേരള സംഗീത നാടക അക്കാദമി കെ.ടി. മുഹമ്മദ് സ്മാരക തിയറ്റർ | 18 |
| 26. | നാട്യഗൃഹം (ബ്ലാക്ക് ബോക്സ്) | 18 |
| 27. | പ്രൊഫ.എസ്.ഗുപ്തൻ നായർ ഹാൾ | 19 |
| 28. | നടൻ മുരളി തുറസ്സരങ്ങ് | 19 |
| 29. | 40 കെ.വി.എ.ജനറേറ്റർ | 19 |
| 30. | അക്കാദമി കാന്റീൻ | 19 |
| 31. | കലാകാരൻമാർക്ക് യാത്രാ സൗജന്യം | 19 |
| 32. | അക്കാദമി കാര്യാലയം | 20 |
| | വരവു ചെലവ് കണക്കുകൾ | 20 |

# കേരള സംഗീത നാടക അക്കാദമി 2021-2022 വർഷത്തെ വാർഷിക റിപ്പോർട്ട്

## 1. ആമുഖം

1958 ഏപ്രിൽ 26 ന് കേന്ദ്ര മാതൃകയിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനം 64 വർഷം പിന്നിട്ടിരിക്കുന്നു. കേരളീയ കലാപാരമ്പര്യത്തെ സംരക്ഷിക്കാനും സമ്പുഷ്ടമാക്കാനും കാലാനുസാരിയായി മുന്നോട്ടു കൊണ്ടുപോകുവാനും കേരള സംഗീത നാടക അക്കാദമി ചുമതലപ്പെട്ടിരിക്കുന്നു. കേരളീയ കലാപൈതൃകത്തെ ഉൾക്കൊള്ളാനും അത് ജനങ്ങൾക്ക് പകർന്ന് കൊടുക്കാനും പ്രാദേശിക കലാരൂപങ്ങളുടെ സംരക്ഷണവും ജനകീയവൽക്കരണവും വലിയൊരളവോളം നിർവ്വഹിക്കാനും അക്കാദമിക്കു കഴിഞ്ഞിട്ടുണ്ട്.

## 2. ഭരണനിർവ്വഹണം

04-08-2016ലെ സർക്കാർ ഉത്തരവ് (സാധാ) 243/2016/സി.എൽ.എ.ഡി ഉത്തരവിൽ കേരള സംഗീത നാടക അക്കാദമി അസോസിയേഷൻ റൂൾ 6,7,9 പ്രകാരം ശ്രീമതി. കെ.പി.എ.സി ലളിത ചെയർപേഴ്സണായും, ശ്രീ. എൻ. രാധാകൃഷ്ണൻ നായർ സെക്രട്ടറിയായും, ശ്രീ. സേവ്യർ പുൽപ്പാട്ട് വൈസ് ചെയർമാനായും നിയമിച്ചിരുന്നു. ഈ ഭരണസമിതിയുടെ സെക്രട്ടറിയും, വൈസ്ചെയർമാനും 2016 ആഗസ്റ്റ് 10നും, ചെയർപേഴ്സൺ ആഗസ്റ്റ് 18നും ഭരണചുമതല ഏറ്റെടുത്തു.

അക്കാദമി സെക്രട്ടറിയായ ശ്രീ. എൻ. രാധാകൃഷ്ണൻ നായർ അവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ 21/12/2020ലെ സ.ഉ.(സാധാ) നം. 467/2020/സാം.കാ.വ സർക്കാർ ഉത്തരവിൽ പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല 22/12/2020ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി ശ്രീ. കെ.പി. മോഹനൻ ഏറ്റെടുത്തു.

പിന്നീട് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. കെ.പി. മോഹനന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 19/02/2021ലെ സ.ഉ (സാധാ) നം. 120/2021/സാം.കാ.വ സർക്കാർ ഉത്തരവിൽ അക്കാദമി സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല 20/02/2021ന് സാംസ്കാരിക ഉന്നത സമിതി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി ഏറ്റെടുത്തു.

15-01-2022ലെ ജി.ഒ. (ആർ.ടി) നം. 29/2022/സി.എൽ.എഡി സർക്കാർ ഉത്തരവു പ്രകാരം ഡോ. പ്രഭാകരൻ പഴശ്ശി 21-01-2022 അപരാഹ്നത്തിൽ അക്കാദമി സെക്രട്ടറി സ്ഥാനം ഒഴിയുകയും സെക്രട്ടറിയുടെ താൽക്കാലിക ചുമതല സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. ജനാർദ്ദനൻ കെ. ഏറ്റെടുക്കുകയും ചെയ്തു.

കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സൺ ഗുരുതരമായ രോഗങ്ങളിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ 20-02-2022ലെ നിർവ്വാഹകസമിതിയുടെ 15-ാം നമ്പർ തീരുമാനപ്രകാരം ചെയർപേഴ്സൺന്റെ എല്ലാവിധ ചുമതലകളും സംഗീത നാടക അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ചട്ടം 7(11)ൽ അനുശാസിക്കുന്ന പ്രകാരം വൈസ്ചെയർമാൻ നിർവ്വഹിക്കേണ്ടതാണ്. 22-02-2022ന് അക്കാദമി ചെയർപേഴ്സൺ ശ്രീമതി കെ.പി.എ.സി. ലളിത കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. തുടർന്ന് വൈസ് ചെയർമാനായ ശ്രീ. സേവ്യർ പുൽപ്പാട്ട് ചെയർമാന്റെ ചുമതലകൾ കൃത്യതയോടെ നിർവ്വഹിച്ചു.

08-12-2016ലെ സ.ഉ.(സാധാ) നം. 414/2016/സി.എൽ.എ.ഡി ഉത്തരവ് പ്രകാരം സെക്രട്ടറി (സാംസ്കാരിക കാര്യ വകുപ്പ്), ധനകാര്യവകുപ്പ് സെക്രട്ടറി, ജില്ലാ കളക്ടർ എന്നീ സർക്കാർ പ്രതിനിധികളടങ്ങുന്ന 23 അംഗ ഭരണസമിതിയെ നിയമിച്ചിരുന്നു. 2017 ജനുവരി 9 ന് ചേർന്ന ഭരണസമിതി ജനറൽകൗൺസിൽ യോഗം ഏഴ് അംഗങ്ങളെ ആർട്ടിക്കിൾ 10 (9) പ്രകാരം ജനറൽകൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യുകയുണ്ടായി. 16-02-2017ലെ സ.ഉ.(സാധാ) നം.72/2017/സാം.കാ.വ പ്രകാരം ശ്രീ. ഫ്രാൻസിസ് ടി. മാവേലിക്കര, അഡ്വ. വി.ഡി. പ്രേമപ്രസാദ്, ശ്രീ. വി.ടി. മുരളി എന്നിവരെ സർക്കാർ നോമിനേറ്റ് ചെയ്തു. 2017 ജനുവരി 16-ാം തിയതി കൂടിയ ജനറൽകൗൺസിൽ യോഗം ആർട്ടിക്കിൾ 13 (6) പ്രകാരം കലാമണ്ഡലം ഗോപി, വിദ്യാധരൻ മാസ്റ്റർ, ഡോ. രാജശ്രീ വാര്യർ എന്നിവരെ നിർവ്വാഹകസമിതി അംഗങ്ങളായി തെരഞ്ഞെടുത്തു. 10-01-2022ലെ ജി.ഒ (എം.എസ്) നം.2/2022/സിഎൽഎഡി



*2020 ലെ സ്വാതി സംഗീത പുരസ്കാരം പ്രശസ്ത സംഗീതജ്ഞയായ ഡോ.കെ.ഓമനക്കുട്ടിയ്ക്ക് ബഹു: സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നൽകുന്നു.*

പ്രകാരം സാംസ്കാരിക ഡയറക്ടറെ ഭരണസമിതികളിൽ/എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ അംഗമാക്കി ഉത്തരവായി. അക്കാദമിയുടെ നിലവിലുള്ള നിർവ്വാഹകസമിതി, ജനറൽ കൗൺസിൽ, ഫിനാൻസ് കമ്മിറ്റി എന്നിവയിലെ അംഗങ്ങളുടെ പേരും വിലാസവും അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം - 1)

അക്കാദമി നടപ്പു സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

## 3 സ്വാതി സംഗീത പുരസ്കാര സമർപ്പണം

**2021 സെപ്തംബർ 7**

**തിരുവനന്തപുരം അനന്തവിലാസം പാലസിലെ ടി.കെ. രാമകൃഷ്ണൻ ഹാൾ**

ദക്ഷിണേന്ത്യൻ സംഗീത ചക്രവർത്തി സ്വാതിതിരുനാൾ മഹാരാജാവിന്റെ സ്മരണാർത്ഥം ഇന്ത്യൻ സംഗീത കലയ്ക്ക് വേണ്ടി ജീവിതം സമർപ്പിച്ച മഹാപ്രതിഭകൾക്ക് കേരളസർക്കാർ ഏർപ്പെടുത്തിയ വിശിഷ്ട ബഹുമതിയായ 2020ലെ സ്വാതി സംഗീത പുരസ്കാരത്തിന് പ്രശസ്ത സംഗീതജ്ഞയായ ഡോ. കെ ഓമനക്കുട്ടിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

2021 സെപ്തംബർ 7 ന് വൈകുന്നേരം 4 മണിയ്ക്ക് തിരുവനന്തപുരം അനന്തവിലാസം പാലസിലെ ടി.കെ. രാമകൃഷ്ണൻ ഹാളിൽ നടന്ന പുരസ്കാര ചടങ്ങിൽ ബഹു. സാംസ്കാരിക, മത്സ്യബന്ധന, യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ സ്വാതി സംഗീതപുരസ്കാരം ഡോ. കെ ഓമനക്കുട്ടിയ്ക്ക് സമർപ്പിച്ചു. ബഹു. ഗതാഗതവകുപ്പ്മന്ത്രി ശ്രീ. ആന്റണിരാജു അദ്ധ്യക്ഷനായ പ്രസ്തുത ചടങ്ങിൽ അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതവും, അക്കാദമി നിർവ്വാഹക സമിതി അംഗം ശ്രീ. വി.ടി. മുരളി പ്രശസ്തി പത്രം വായിക്കുകയും സാംസ്കാരിക വകുപ്പ് ഡയറക്ടർ നന്ദിയും രേഖപ്പെടുത്തി.

## 4. എസ്.എൽ.പുരം സദാനന്ദൻ നാടക പുരസ്കാരം

**2021 സെപ്തംബർ 7**

**തിരുവനന്തപുരം അനന്തവിലാസം പാലസിലെ ടി.കെ. രാമകൃഷ്ണൻ ഹാൾ**

നാടകാചാര്യനായിരുന്ന എസ്.എൽ.പുരം സദാനന്ദന്റെ സ്മരണാർത്ഥം നാടകരംഗത്തെ സമഗ്ര സംഭാവന പരിഗണിച്ച് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ വിശിഷ്ട ബഹുമതിയായ 2020ലെ എസ്.എൽ.പുരം സദാനന്ദൻ നാടക പുരസ്കാരത്തിന് പ്രശസ്ത നാടകകൃത്തും നടനും സംവിധായകനുമായ ഇബ്രാഹിം വെങ്ങരയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

2021 സെപ്തംബർ 7 ന് വൈകുന്നേരം 4 മണിയ്ക്ക് തിരുവനന്തപുരം അനന്തവിലാസം പാലസിലെ ടി.കെ രാമകൃഷ്ണൻ ഹാളിൽ നടന്ന പുരസ്കാര ചടങ്ങിൽ

ബഹു. സാംസ്കാരിക മത്സ്യബന്ധന, യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ എസ്.എൽ. പുരം സദാനന്ദൻ നാടക പുരസ്കാരം ഇബ്രാഹിം വെങ്ങരക്ക് സമർപ്പിച്ചു. ബഹു. ഗതാഗതവകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു അദ്ധ്യക്ഷനായ പ്രസ്തുത ചടങ്ങിൽ അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതവും അക്കാദമി നിർവ്വാഹക സമിതി അംഗം വി.ടി. മുരളി പ്രശസ്തി പത്രം വായിക്കുകയും സാംസ്കാരിക വകുപ്പ് ഡയറക്ടർ നന്ദിയും രേഖപ്പെടുത്തി.

## 5. സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം - 2019

### 2021 ഒക്ടോബർ 25 മുതൽ 29 വരെ

### കെ.ടി. മുഹമ്മദ് സ്മാരക തിയറ്റർ, തൃശൂർ

കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം-2019, 2021 ഒക്ടോബർ 25 മുതൽ 29 വരെ കെ.ടി മുഹമ്മദ് സ്മാരക തിയറ്ററിൽ വെച്ച് സംഘടിപ്പിച്ചു. ഒക്ടോബർ 25ന് രാവിലെ 9.30ന് നാടക മത്സരത്തിന്റെ ഉദ്ഘാടനം അക്കാദമി വൈസ് ചെയർമാൻ ശ്രീ. സേവ്യർ പുൽപ്പാട്ട് നിർവ്വഹിച്ചു. അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതം പറഞ്ഞ ചടങ്ങിൽ അക്കാദമി നിർവ്വാഹക സമിതി അംഗങ്ങളായ ശ്രീ. ഫ്രാൻസിസ് ടി. മാവേലിക്കര, ശ്രീ. വിദ്യാധരൻ മാസ്റ്റർ എന്നിവർ ആശംസയും അക്കാദമി നിർവ്വാഹക സമിതി അംഗം അഡ്വ. വി.ഡി. പ്രേമപ്രസാദ് നന്ദിയും രേഖപ്പെടുത്തി.

2021 ഒക്ടേബർ 25 മുതൽ 29 വരെ രാവിലെ 10 മണിക്കും വൈകീട്ട് 5 മണിക്കും രണ്ട് നാടകങ്ങൾ എന്ന ക്രമത്തിൽ അഞ്ച് ദിവസങ്ങളിലായി പത്ത് നാടകാവതരണങ്ങൾ നടന്നു. കൊച്ചിൻ ചന്ദ്രകാന്തയുടെ 'അന്നം', കാളിദാസ കലാകേന്ദ്രയുടെ 'അമ്മ', സൗപർണ്ണിക തിരുവനന്തപുരത്തിന്റെ 'ഇതിഹാസം', കണ്ണൂർ നാടക സംഘത്തിന്റെ 'കുമാരനാശാനും ചണ്ഡാലഭിക്ഷുകിയും', സംസ്കൃതി വെഞ്ഞാറമൂടിന്റെ 'ജീവിതപാഠം', വള്ളുവനാട് ബ്രഹ്മയുടെ 'പാട്ടുപാടുന്ന വെള്ളായി', കണ്ണൂർ സംഘചേതനയുടെ 'ഭോലാറാം', സംഘകേളി പിരപ്പൻകോടിന്റെ 'മക്കളുടെ ശ്രദ്ധയ്ക്ക്', കെ.പി.എ.സി. കായംകുളത്തിന്റെ 'മരത്തൻ' 1892 കോഴിക്കോട് സങ്കീർത്തനയുടെ 'വേനലവധി' തുടങ്ങിയ നാടകങ്ങളാണ് അവതരിപ്പിച്ചത്.

## 6. ഷട്കാല ഗോവിന്ദമാരാർ സംഗീതോത്സവം

### 2021 നവംബർ 12 മുതൽ 14 വരെ

### ഷട്കാലഗോവിന്ദമാരാർ സ്മാരക കലാസമിതി ഓഡിറ്റോറിയം, രാമമംഗലം

രാമമംഗലത്തെ ഷട്കാല ഗോവിന്ദമാരാർ കലാസമിതിയുമായി സഹകരിച്ച് 2021 നവംബർ 12 മുതൽ 14 വരെ



*2020 ലെ എസ്.എൽ.പുരം സദാനന്ദൻ നാടക പുരസ്കാരം പ്രശസ്ത നാടകകൃത്തും നടനും സംവിധായകനുമായ ഇബ്രാഹിം വേങ്ങരയ്ക്ക് ബഹു: സാംസ്കാരി വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നൽകുന്നു.*

ഷട്കാല ഗോവിന്ദമാരാർ സംഗീതോത്സവം സംഘടിപ്പിച്ചു. നവംബർ 12 ന് വൈകീട്ട് 5 മണിക്ക് അക്കാദമി വൈസ്ചെയർമാൻ ശ്രീ. സേവ്യർ പുൽപ്പാട്ട് ഉദ്ഘാടനം ചെയ്തു. ഷട്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി പ്രസിഡണ്ട് പ്രൊഫ. ജോർജ്ജ് എസ് പോൾ അദ്ധ്യക്ഷനായ ചടങ്ങിൽ കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതം പറഞ്ഞു. രാമമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ.പി. ജോർജ്ജ്, ജില്ലാ പഞ്ചായത്ത് അംഗം ആശാ സനിൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം സ്മിതാ എൽദോസ്, ഗ്രാമപഞ്ചായത്ത് അംഗം ജിജോ ഏലിയാസ് എന്നിവർ ആശംസകളർപ്പിച്ചു. ഷട്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി സെക്രട്ടറി കെ. ജയചന്ദ്രൻ നായർ കൃതജ്ഞത രേഖപ്പെടുത്തി. വൈകുന്നേരം 7 മണിക്ക് കലാമണ്ഡലം വേണിയും സംഘവും മോഹിനിയാട്ടം അവതരിപ്പിക്കുകയും ചെയ്തു.

നവംബർ 13ന് വൈകീട്ട് 4.30ന് പോരൂർ ഉണ്ണികൃഷ്ണൻ, കല്പാത്തി ബാലകൃഷ്ണൻ എന്നിവരുടെ സംഘം അവതരിപ്പിച്ച ഇരട്ടത്തായമ്പകയും, 6 മണിക്ക് അനില അഖിൽ, ആര്യ എൻ. ഉണ്ണി, ദേവനന്ദ മധു, ശ്രീപാർവ്വതി വിശ്വനാഥൻ, ഗംഗാ ഗോപിനാഥ്, അനഘ കൃഷ്ണ, ദേവിക ശരണ്യ, ശ്രീപ്രിയ. ടി.എം എന്നിവർ അവതരിപ്പിച്ച ഭാവയാമി രഘുരാമം എന്ന സംഗീത പരിപാടിയും 7 മണിക്ക് ഡോ. ബി. അരുന്ധതിയുടെ സംഗീതകച്ചേരിയും നടന്നു.

നവംബർ 14ന് വൈകീട്ട് 3.00മണിക്ക് നെച്ചൂര രതീശനും സംഘവും അവതരിപ്പിച്ച പഞ്ചരത്ന കീർത്തനാലാപനവും 4.30ന് ഏലൂർ ബിജുവിന്റെ സോപാന സംഗീതവും ഉണ്ടായിരുന്നു. 5.00മണിക്ക് നടന്ന സമാപന സമ്മേളനം ബഹു. നിയമ-വ്യവസായ-കയർ വികസന വകുപ്പ് മന്ത്രി ശ്രീ.പി.രാജീവ് ഉദ്ഘാടനം ചെയ്തു. ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ അദ്ധ്യക്ഷനായ ചടങ്ങിൽ കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ആലീസ് ഷാജു, വൈസ് പ്രസിഡണ്ട് ശ്രീമതി മേരി എൽദോസ്, ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി അശ്വതി മണികണ്ഠൻ, ഷട്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി വൈസ് പ്രസിഡണ്ട് ശ്രീ. ടി.കെ. അലക്സാണ്ടർ എന്നിവർ ആശംസയും ഷട്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി ജോയിന്റ് സെക്രട്ടറി ശ്രീ. രാജീവ് നന്ദിയും രേഖപ്പെടുത്തി. സമാപനത്തിനു ശേഷം 7.00 മണിക്ക് ശ്രീലക്ഷ്മി ഗോവർധനനും സംഘവും കുച്ചിപ്പുഡി അവതരിപ്പിക്കുകയും ചെയ്തു.




*2019 സംസ്ഥാന പ്രൊഫഷണൽ നാടക പുരസ്കാര സമർപ്പണത്തിന്റെ ഉദ്ഘാടനം ബഹു: സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നിർവ്വഹിക്കുന്നു.*

## 7. സംസ്ഥാന പ്രൊഫഷണൽ നാടക പുരസ്കാര സമർപ്പണം – 2019

**2021 ഡിസംബർ 21**

**കാർമൽ ഇന്റർനാഷണൽ സ്കൂൾ ഓഡിറ്റോറിയം പുന്നപ്ര, ആലപ്പുഴ.**

കേരള സംഗീത നാടക അക്കാദമി തൃശൂരിൽ ഒക്ടോബർ 25 മുതൽ 29 വരെ നടന്ന സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാര സമർപ്പണം 2021 ഡിസംബർ 21ന് വൈകുന്നേരം 5.30ന് കാർമൽ ഇന്റർനാഷണൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ബഹു. സാംസ്കാരിക, മത്സ്യബന്ധന, യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ പുരസ്കാര സമർപ്പണ പരിപാടിയുടെ ഉദ്ഘാടനവും പുരസ്കാര സമർപ്പണവും നിർവ്വഹിച്ചു. ബഹു. അമ്പലപ്പുഴ എം.എൽ.എ. ശ്രീ. എച്ച്. സലാം അദ്ധ്യക്ഷനായ ചടങ്ങിൽ അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതവും അക്കാദമി വൈസ് ചെയർമാൻ ശ്രീ. സേവ്യർ പുൽപ്പാട്ട് ആമുഖഭാഷണവും അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഷീബാ രാജേഷ്, പുന്നപ്ര തെക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.ജി.സൈറസ്, രക്ഷാധികാരി ആലപ്പുഴ ഫാസ് & ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡണ്ട് അലിയാർ പുന്നപ്ര, പുന്നപ്ര ഫൈൻ ആർട്സ് സൊസൈറ്റി പ്രസിഡണ്ട് ജി. രാജഗോപാലൻ നായർ എന്നിവർ ആശംസകളർപ്പിക്കുകയും മറുമൊഴി വക്കം ഷക്കീറും പുന്നപ്ര ഫൈൻ ആർട്സ് സൊസൈറ്റി ജനറൽ സെക്രട്ടറി കെ.ജെ. ജോബ് നന്ദി രേഖപ്പെടുത്തുകയും തുടർന്ന് 6.30ന് സൗപർണ്ണിക തിരുവനന്തപുരത്തിന്റെ 'ഇതിഹാസം' എന്ന നാടകം അവതരിപ്പിക്കുകയും ചെയ്തു.

## 8. ഹോപ്പ്ഫെസ്റ്റ്

**2021 ഡിസംബർ 25 മുതൽ 2022 ജനുവരി 5 വരെ**

**കേരള സംഗീത നാടക അക്കാദമി**

വ്യത്യസ്തവും മൗലികവുമായ പ്രാദേശിക കലാരൂപങ്ങളെയും അക്കാദമിയുടെ പരിധിയിൽ വരുന്ന കലാരൂപങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സംഘടിപ്പിച്ച വർഷാന്ത്യ ഫെസ്റ്റിവൽ ആണ് ഹോപ്പ്. 'ഹാർമണി ഓഫ് പെർഫോർമൻസ് ഇക്കോസിസ്റ്റം' എന്നതിന്റെ ചുരുക്കമാണ് ഹോപ്പ്. കേരളത്തിൽ പരിചിതമല്ലാത്ത ക്ലൗൺ ഷോയും, സർക്കസ് തിയറ്ററും പ്രഭാഷണങ്ങളും സംഭാഷണങ്ങളും ഹോപ്പ്ഫെസ്റ്റിന്റെ സവിശേഷതകളാണ്. കേരള സംഗീത നാടക അക്കാദമി അങ്കണത്തിൽ വിവിധ വേദികളിലായാണ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ഡിജിറ്റൽ തിയറ്റർ, സംഗീതം എന്നിവ ഉൾക്കൊള്ളിച്ചാണ് ഹോപ്പ് ഫെസ്റ്റ് സംഘടിപ്പിച്ചത്. പാൻഡമിക് തിയറ്റർ എന്ന ആശയത്തിലൂന്നിയാണ് ഈ ഹ്രസ്വ നാടകമേള അരങ്ങേറിയത്. കൊവിഡ് കാലത്തെ പരിമിതകൾക്കകത്തു നിന്നുകൊണ്ട് സൃഷ്ടിക്കപ്പെട്ട നാടകങ്ങൾ പ്രസ്തുത കാലത്തോട് ശക്തമായി പ്രതികരിക്കുന്നവയാണ്. സമീപ കാലത്ത് അന്തരിച്ച നാടകപ്രതിഭകളായ പി.ബാലചന്ദ്രൻ, അനിൽ നെടുമങ്ങാട്, കോഴിക്കോട് ശാരദ എന്നിവരുടെ പേരുകളാണ് ഹോപ്പ് വേദികൾക്ക് നൽകിയത്. കൊവിഡ് ചട്ടങ്ങൾ പാലിച്ചു കൊണ്ട് സൗജന്യ ടിക്കറ്റ് മുഖേനയായിരുന്നു പ്രവേശനം.

ഡിസംബർ 24ന് കേരള കലാമണ്ഡലത്തിൽ നടന്ന ചടങ്ങിൽ ഹോപ്പ് ഫെസ്റ്റിന്റെ ലോഗോ പ്രകാശനം ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നിർവ്വഹിച്ചു. കലാമണ്ഡലം വൈസ്ചാൻസലർ ഡോ. ടി.കെ. നാരായണൻ, അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി എന്നിവർ പങ്കെടുത്തു.

കലാസ്വാദകരുടെ ഹൃദയത്തിൽ വാദ്യവിസ്മയം തീർത്ത് പത്മശ്രീ പെരുവനം കുട്ടൻമാരാരും സംഘവും ഡിസംബർ 29ന് വൈകീട്ട് 3.30ന് തൃശ്ശൂർപൂരത്തിന്റെ ഇലഞ്ഞിത്തറ മേളം അതേ ഗാംഭീര്യത്തോടെയും ശോഭയോടും കൂടി അക്കാദമി അങ്കണത്തിൽ അവതരിപ്പിച്ചു. കൊവിഡ് പ്രതിസന്ധിയിൽ ജീവിതം വഴിമുട്ടിയ നിരവധി വാദ്യകലാകാരന്മാർക്കുള്ള അതിജീവനത്തിന്റെ പാതയായി ഹോപ്പ്ഫെസ്റ്റ് മാറി.

ഹോപ്പ്ഫെസ്റ്റിന്റെ മുന്നോടിയായി അന്താരാഷ്ട്ര നാടകോത്സവം തുടങ്ങിയ 2008 മുതൽക്കുള്ള 12 എഡിഷനുകളിലെ അത്യപൂർവ്വങ്ങളായ ഫോട്ടോകൾ ഉൾപ്പെടുത്തി 2021 ഡിസംബർ 25ന് ഇറ്റ്ഫോക്ക് ഫോട്ടോപ്രദർശനവും മേളയുടെ ഉദ്ഘാടനവും ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ നിർവ്വഹിച്ചു. അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതവും ബഹു. എം.എൽ.എ ശ്രീ.ബി. ബാലചന്ദ്രൻ അദ്ധ്യക്ഷതയും അക്കാദമി വൈസ് ചെയർമാൻ ശ്രീ. സേവ്യർ പുൽപ്പാട്ട് ആമുഖഭാഷണവും, അക്കാദമി നിർവ്വാഹകസമിതി അംഗം ശ്രീ. വിദ്യാധരൻ മാസ്റ്റർ ആശംസയും അക്കാദമി നിർവ്വാഹകസമിതി

അംഗം അഡ്വ. പ്രേമപ്രസാദ് വി.ഡി നന്ദിയും രേഖ പ്പെടുത്തി.

2022 ജനുവരി അഞ്ചുവരെ രാവിലെ 11 മുതൽ രാത്രി 8 വരെയായിരുന്നു ഒരു വ്യാഴവട്ടം പൂർത്തിയാക്കിയ അന്തർദ്ദേശീയ നാടകോത്സവത്തിന്റെ ഫോട്ടോ പ്രദർശനം. തുടർന്ന് പ്രശസ്ത തബല വാദകൻ റോഷൻ ഹാരിസും സിത്താർ വാദകൻ പോൾസണും ചേർന്ന് നയിച്ച 'ഹാർമോണിയസ് എൻകോർ' പ്രത്യേക സംഗീത പരിപാടി വൈകീട്ട് 7.30ന് അരങ്ങേറി.

29-ാം തിയതി ജോസ് കോശി സംവിധാനം ചെയ്ത 'ഇവല്യൂഷൻ അഥവാ ഉടൽപെരുക്കം', ക്ലൗൺ ഷോ ആയ വിനു ജോസഫ് അവതരിപ്പിച്ച 'ഡോക്ടർ വികടൻ' , ഈറോഡ് നാടകസംഘം അവതരിപ്പിച്ച 'ടക്ക്ന്നൊരു കഥൈ', സർക്കസിന്റെയും തിയറ്ററിന്റെയും സാധ്യതകൾ ഉൾക്കൊണ്ട് ലാറ്റിനമേരിക്കയിലെ പോളിന ഇസ്റ്റ്ഫനിയ മാരിൻ മാൻഗിലിയുടെ നേതൃത്വത്തിൽ അവതരിപ്പിച്ച 'ട്രിങ്കി', തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലിലെ നാടക വിദ്യാർത്ഥികളോടൊപ്പം ലൂയിസ സ്പാഗ്നയും ചേർന്ന് അവതരിപ്പിച്ച 'മീറ്റിംങ് അദേഴ്സ് മീറ്റിംങ് ലൈഫ്', കാണികളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത സ്കൂൾ ഓഫ് ഡ്രാമയിലെ വിദ്യാർത്ഥികൾ അഭിനയിച്ച 'ഹോപ്പ് ക്ലൗൺസ്' എന്നിവ അരങ്ങേറി. 30-ാം തിയതി ചിരിക്കാനും ചിന്തിപ്പിക്കാനും ഒരുപിടി ട്രിക്കുമായി സ്പെയിനിൽനിന്ന് മോണിക്കാ സാന്റോസിന്റെ 'വൺസ് അപ്പോൺ എ ക്ലൗൺ ടൈം' എന്ന ക്ലൗൺ ഷോ, കെ.വി. ഗണേഷ് സംവിധാനം ചെയ്ത് അഭിനയിച്ച 'അരിയെണ്ണുന്നോർ', സി.ആർ രാജനും, ജെയിംസ് ഏലിയയും അഭിനയിച്ച 'വെയ്റ്റിങ്ങ് ഫോർ ഗോദോ', രാജേഷ് കാർത്തി സംവിധാനം ചെയ്ത 'പൊരുൾ', 30,31 തിയതികളിൽ ഒരേ സമയം നാല് കാണികൾക്ക് മാത്രം കാണാൻ കഴിയുന്ന അഭീഷ് ശശിധരൻ സംവിധാനം ചെയ്ത മീഡിയോറ്റഡ് പെർഫോമൻസ് ആയ 'ഭ്രാന്ത്', 31-ാം തിയതി രാജീവ് കൃഷ്ണ സംവിധാനം ചെയ്ത 'ഉങ്കള നീങ്ക യെപ്പടി പാക്ക വിരുമ്പരിംഗ', ജയപ്രകാശ് കുളൂർ സംവിധാനം ചെയ്ത് സുധി പാനൂർ അവതരിപ്പിച്ച 'വെളിച്ചെണ്ണ' എന്നിവ അരങ്ങേറി.

30-ാം തിയതി ശില്പ മുഡ്ബി കൊദകോട്ടയും സംഘവും അവതരിപ്പിച്ച യെല്ലമ്മ ആന്റ് അദർസ്റ്റോറീസ് സംഗീത പരിപാടിയും, 31-ാം തിയതി ഗുജറാത്തിലെ കച്ചിലെ സൂഫി നാടോടിഗായകനായ മൂരാലാല മാർവാഡയും സംഘവും അവതരിപ്പിച്ച സംഗീത പരിപാടിയും അരങ്ങേറി. അന്തർദ്ദേശീയ നാടകോത്സവത്തിന്റെ പോയ വർഷങ്ങളിലെ നാടകങ്ങളുടെയും അന്തർദ്ദേശീയ കലാമേളകളുടെയും വീഡിയോകളും ഡിജിറ്റൽ തിയറ്ററിന്റെ ഭാഗമായി പ്രദർശിപ്പിച്ചു.

26-ാം തിയതി നാടകത്തിലെ എന്റെ ജീവിതം എന്ന വിഷയത്തെ അധികരിച്ചുള്ള ചർച്ചയിൽ പ്രമുഖ നാടക പ്രവർത്തകൻ നരിപ്പറ്റ രാജു സംസാരിക്കുകയും നന്ദജൻ കെ മോഡറേറ്ററാവുകയും ചെയ്തു. 27-ാം തിയതി കൊവിഡ് കാലത്തെ നാടകം എന്ന വിഷയത്തിൽ അരുൺലാലിന്റെ ഭാഷണത്തിന് സുരഭി എം.എസ് മോഡറേറ്ററായി. 28-ാം തിയതി കാർബൺ ന്യൂട്രൽ മീനങ്ങാടി എന്ന വിഷയത്തിൽ സുരേഷ് വി യുമായി കേശവൻ സംസാരിച്ചു. 29-ാം തിയതി അക്കാദമി നിർവ്വാഹകസമിതി അംഗം അഡ്വ. പ്രേമപ്രസാദ് സമീപകാലത്ത് അന്തരിച്ച നാടകപ്രതിഭകളായ പി.ബാലചന്ദ്രൻ, കെ. കെ. രാജൻ, കോഴിക്കോട് ശാരദ, എൻ.ജി. ഉണ്ണികൃഷ്ണൻ, അനിൽ നെടുമങ്ങാട്, ഡോ. ജോസ് ജോർജ്ജ്, എ. ശാന്തകുമാർ, രാജീവ് വിജയൻ എന്നിവരെ അനുസ്മരിച്ച് പ്രഭാഷണം നടത്തി. 30-ാം തിയതി ഗ്രാമീണ നാടകവേദി എന്ന വിഷയത്തിൽ പ്രബലൻ വേലൂരുമായി സൂര്യൻ മാഷും, 31-ാം തിയതി ശ്രീജ ആറങ്ങോട്ടുകരയുമായി പി.പി. രാമചന്ദ്രനും സംസാരിച്ചു.

ഹോപ്പ് ഫെസ്റ്റിന്റെ സമാപന സമ്മേളന ഉദ്ഘാടനം ഡിസംബർ 31ന് വൈകീട്ട് 6 മണിക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു. അക്കാദമി നിർവ്വാഹകസമിതി അംഗം വി.ടി. മുരളി സ്വാഗതവും അക്കാദമി വൈസ് ചെയർമാൻ സേവ്യർ പുൽപ്പാട്ട് അദ്ധ്യക്ഷതയും അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി നന്ദിയും പറഞ്ഞു.

## 9. 2020ലെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ

കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽ വരുന്ന വിവിധ കലാമേഖലകളിൽ ദീർഘകാലം പ്രവർത്തിച്ച അതുല്യരായ കലാപ്രതിഭകളെ ആദരിക്കുന്നതിനായി, അക്കാദമിയുടെ 2020ലെ പുരസ്കാരങ്ങൾ 2021 ആഗസ്റ്റ് 31 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അക്കാദമിയുടെ കെ.ടി. മുഹമ്മദ് സ്മാരക തിയറ്ററിൽ

വച്ച് ബഹു. സാംസ്കാരിക വകുപ്പ്മന്ത്രി ശ്രീ. സജി ചെറിയാൻ വിതരണം ചെയ്തു.

അക്കാദമി ആർക്കൈവ്സ്, മ്യൂസിയം, ഡിജിറ്റൽ ലൈബ്രറി, പൈതൃകമതിൽ എന്നിവയുടെ പ്രവർത്തനോദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു. അക്കാദമി പുറത്തിറക്കുന്ന 100 പുസ്തകങ്ങളിൽ ആദ്യത്തെ നാല് പുസ്തകങ്ങൾ പ്രകാശനം ചെയ്തു. ഉത്തരേന്ത്യൻ സംഗീത ധാര എന്ന പുസ്തകം കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട് ശ്രീ. വൈശാഖനും എൻ.എൻ. പിള്ള എന്ന പുസ്തകം ജനറൽ കൗൺസിൽ അംഗം ശ്രീ. എ.വി.

| ഫെലോഷിപ്പ് 2020 | | |
|---|---|---|
| 1. | പിരപ്പൻകോട് മുരളി | നാടകം |
| 2. | കലാമണ്ഡലം വാസുപിഷാരോടി | കഥകളി |
| 3. | തൃപ്പൂണിത്തുറഎൻ.രാധാകൃഷ്ണൻ | സംഗീതം (ഘടം) |
| **അവാർഡ് 2020** | | |
| 1. | രജനി മേലൂർ | നാടകം |
| 2. | ഇ.എ.രാജേന്ദ്രൻ | നാടകം |
| 3. | പ്രദീപ് മാളവിക | നാടകം |
| 4. | മണലൂർ ഗോപിനാഥ് | ഓട്ടൻതുള്ളൽ |
| 5. | ടി.സുരേഷ്ബാബു | നാടകം |
| 6. | ഗോപാലൻ അടാട്ട് | നാടകം |
| 7. | സി.എൻ.ശ്രീവത്സൻ | നാടകം |
| 8. | പ്രൊഫ.കെ.വെങ്കിട്ടരമണൻ | സംഗീതം (വായ്പാട്ട്) |
| 9. | എൻ.വി.ബാബുനാരായണൻ | വയലിൻ |
| 10. | പ്രേംകുമാർ വടകര | സംഗീത സംവിധാനം |
| 11. | റീന മുരളി | ലളിതഗാനാലാപനം |
| 12. | നടേശ് ശങ്കർ | ലളിതസംഗീതം |
| 13. | കലാമണ്ഡലം ജിഷ്ണുപ്രതാപ് | കൂടിയാട്ടം |
| 14. | എസ്.വിനയചന്ദ്രൻ | കേരളനടനം |
| 15. | കലാമണ്ഡലം കവിത കൃഷ്ണകുമാർ | മോഹിനിയാട്ടം |
| 16. | പെരിങ്ങോട് ചന്ദ്രൻ | തിമില |
| 17. | തൃക്കുളം കൃഷ്ണൻകുട്ടി | കഥാപ്രസംഗം |



**ഫെലോഷിപ്പ് 2020**
**പിരപ്പൻകോട് മുരളി**
**നാടകം**



**ഫെലോഷിപ്പ് 2020**
**കലാമണ്ഡലം വാസുപിഷാരോടി**
**കഥകളി**



**ഫെലോഷിപ്പ് 2020**
**തൃപ്പൂണിത്തുറ എൻ.രാധാകൃഷ്ണൻ**
**സംഗീതം**

## കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാക്കൾ 2020



രജനി മേലൂർ
നാടകം



ഇ.എ.രാജേന്ദ്രൻ
നാടകം



പ്രദീപ് മാളവിക
നാടകം



മണലൂർ ഗോപിനാഥ്
ഓട്ടൻതുള്ളൽ



ടി.സുരേഷ്ബാബു
നാടകം



ഗോപാലൻ അടാട്ട്
നാടകം



സി.എൻ.ശ്രീവത്സൻ
നാടകം



പ്രൊഫ.കെ.വെങ്കിട്ടരമണൻ
സംഗീതം (വായ്പാട്ട്)



എൻ.വി.ബാബുനാരായണൻ
വയലിൻ



പ്രേംകുമാർ വടകര
സംഗീത സംവിധാനം



റീന മുരളി
ലളിതഗാനാലാപനം



നടേശ് ശങ്കർ
ലളിതസംഗീതം



കലാമണ്ഡലം
ജിഷ്ണുപ്രതാപ്
കൂടിയാട്ടം




എസ്.വിനയചന്ദ്രൻ
കേരളനടനം



കലാമണ്ഡലം
കവിത കൃഷ്ണകുമാർ
മോഹിനിയാട്ടം



പെരിങ്ങോട് ചന്ദ്രൻ
തിമില



തൃക്കുളം കൃഷ്ണൻകുട്ടി
കഥാപ്രസംഗം

## കേരള സംഗീത നാടക അക്കാദമി ഗുരുപൂജ പുരസ്കാര ജേതാക്കൾ 2020


മീന ഗണേഷ്
നാടകം


രത്നമ്മ മാധവൻ
നാടകം


കൊച്ചിൻ ഹസ്സനാർ
നാടകം


മീനാരാജൻ
നാടകം


നിലമ്പൂർ മണി
നാടകം


ചെറായി സുരേഷ്
നാടകം


കുര്യനാട് ചന്ദ്രൻ
നാടകം


ഇ.ടി.വർഗ്ഗീസ്
നാടകം


അജയൻ ഉണ്ണിപ്പറമ്പിൽ
നാടകം



പി.വി.കെ.പനയാൽ
നാടകം


കൊല്ലം
ഡോ.കെ.ആർ.പ്രസാദ്
നൃത്തനാടകം


എം.എസ്.പ്രകാശൻ
പള്ളുരുത്തി
ഉപകരണസംഗീതം


ബബിൽ പെരുന്ന
തെരുവു നാടകം


ഇ.വി.വത്സൻ
ലളിതസംഗീതം


എം.കെ.വേണുഗോപാൽ
ബാലെ സംഗീതം


കലാമണ്ഡലം ശ്രീദേവി
ഭരതനാട്യം


ചവറ ധനപാലൻ
കഥാപ്രസംഗം


പരയ്ക്കാട് തങ്കപ്പൻമാരാർ
തിമില


രമേശ് മേനോൻ
സംഗീതം - ഗാനരചന

| ഗുരുപൂജ പുരസ്കാരം 2020 | | |
|---|---|---|
| 1 | മീന ഗണേഷ് | നാടകം |
| 2 | രത്നമ്മ മാധവൻ | നാടകം |
| 3 | കൊച്ചിൻ ഹസ്സനാർ | നാടകം |
| 4 | മീനാരാജൻ | നാടകം |
| 5 | നിലമ്പൂർ മണി | നാടകം |
| 6 | ചെറായി സുരേഷ് | നാടകം |
| 7 | കുര്യനാട് ചന്ദ്രൻ | നാടകം |
| 8 | ഇ.ടി.വർഗ്ഗീസ് | നാടകം |
| 9 | അജയൻ ഉണ്ണിപ്പറമ്പിൽ | നാടകം |
| 10 | പി.വി.കെ.പനയാൽ | നാടകം |
| 11 | കൊല്ലം ഡോ.കെ.ആർ.പ്രസാദ് | നൃത്തനാടകം |
| 12 | എം.എസ്.പ്രകാശൻ പള്ളുരുത്തി | ഉപകരണസംഗീതം |
| 13 | ബബിൽ പെരുന്ന | തെരുവു നാടകം |
| 14 | ഇ.വി.വത്സൻ | ലളിതസംഗീതം |
| 15 | എം.കെ.വേണുഗോപാൽ | ബാലെ സംഗീതം |
| 16 | കലാമണ്ഡലം ശ്രീദേവി | ഭരതനാട്യം |
| 17 | ചവറ ധനപാലൻ | കഥാപ്രസംഗം |
| 18 | പരയ്ക്കാട് തങ്കപ്പൻമാരാർ | തിമില |
| 19 | രമേശ് മേനോൻ | സംഗീതം - ഗാനരചന |

അജയകുമാറും ചെങ്ങന്നൂരാതിപ്പാട്ട് എന്ന പുസ്തകം കേരള ലളിത കലാ അക്കാദമി സെക്രട്ടറി ശ്രീ. പി.വി. ബാലനും, നാടകപ്പാതയിലെ വഴിവിളക്കുകൾ എന്ന പുസ്തകം പ്രശസ്ത നാടകകൃത്ത് ശ്രീ. എം.എൻ. വിനയ കുമാറും ഏറ്റുവാങ്ങി.

അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി സ്വാഗതം പറഞ്ഞ ചടങ്ങിൽ ബഹു. എം.എൽ.എ ശ്രീ. പി. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. അക്കാദമി ചെയർപേഴ്സൺ ശ്രീമതി കെ.പി.എ.സി ലളിത ആമുഖഭാഷണം നടത്തി. ഫെലോഷിപ്പ് നേടിയ കലാകാരന്മാരെ അക്കാദമി

വൈസ് ചെയർമാൻ ശ്രീ. സേവ്യർ പുൽപ്പാട്ടും അവാർഡ് ജേതാക്കളെ അക്കാദമി നിർവ്വാഹകസമിതി അംഗം ശ്രീ. ഫ്രാൻസിസ് ടി. മാവേലിക്കരയും ഗുരുപൂജ പുരസ്കാര ജേതാക്കളെ അക്കാദമി പ്രോഗ്രാം ഓഫീസർ ശ്രീ.വി.കെ.അനിൽകുമാറുംപരിചയപ്പെടുത്തി.അക്കാദമി നിർവ്വാഹക സമിതി അംഗങ്ങളായ കലാമണ്ഡലം ശിവൻ നമ്പൂതിരി, ശ്രീ. വിദ്യാധരൻ മാസ്റ്റർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പുരസ്കാര ജേതാക്കളെ പ്രതിനിധാനം ചെയ്ത് ശ്രീ. തൃപ്പൂണിത്തുറ എൻ. രാധാകൃഷ്ണനും, ശ്രീമതി മീന ഗണേഷും മറുപടി പറഞ്ഞു. അക്കാദമി നിർവ്വാഹകസമിതി അംഗം അഡ്വ. വി.ഡി. പ്രേമപ്രസാദ് നന്ദി രേഖപ്പെടുത്തി.

## 10. 2021ലെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ

കേരള സംഗീത നാടക അക്കാദമി സംഗീതം, നൃത്തം, നാടകം, ക്ഷേത്രകലകൾ, കഥകളി, പാരമ്പര്യകലകൾ,

| ഫെലോഷിപ്പ് 2021 | | |
|---|---|---|
| 1. | കരിവെള്ളൂർ മുരളി | നാടകം |
| 2. | പ്രൊഫ.വി.ഹർഷകുമാർ | കഥാപ്രസംഗം |
| 3. | മാവേലിക്കര പി. സുബ്രഹ്മണ്യം | സംഗീതം |
| **അവാർഡ് 2021** | | |
| 1. | മംഗളൻ.കെ.പി.എ.സി. | നാടകം |
| 2. | മണിയപ്പൻ ആറന്മുള | നാടകം |
| 3. | ബാബു പള്ളാശ്ശേരി | നാടകം |
| 4. | എ.എൻ.മുരുകൻ | നാടകം |
| 5. | രാജ്മോഹൻ നീലേശ്വരം | നാടകം |
| 6. | സുധി നിരീക്ഷ | നാടകം |
| 7. | ഡോ. ആർ.എൽ.വി. രാമകൃഷ്ണൻ | മോഹിനിയാട്ടം |
| 8. | കലാമണ്ഡലം സത്യവ്രതൻ | കേരളനടനം |
| 9. | ഗീത പത്മകുമാർ | കൂച്ചിപ്പൂഡി |
| 10. | ഡോ.പി.സി.ചന്ദ്രബോസ് | ഉപകരണ സംഗീതം |
| 11. | പെരിങ്ങോട് സുബ്രഹ്മണ്യൻ | ഇടയ്ക്ക |
| 12. | പഴുവിൽ രഘുമാരാർ | വാദ്യകല |
| 13. | വഞ്ചിയൂർ പ്രവീൺകുമാർ | കഥാപ്രസംഗം |
| 14. | കൊല്ലം വി.സജികുമാർ | സംഗീതം |
| 15. | താമരക്കുടി ആർ.രാജശേഖരൻ | ഉപകരണ സംഗീതം |
| 16. | എൻ.പി.പ്രഭാകരൻ | സംഗീതം |
| 17. | മഞ്ജു മേനോൻ | സംഗീതം |

| ഗുരുപൂജ പുരസ്കാരം 2021 | | |
|---|---|---|
| 1 | കലാനിലയം ഭാസ്കരൻനായർ | നാടകം |
| 2 | സി.വി.ദേവ് | നാടകം |
| 3 | മഹാശയൻ.കെ | നാടകം |
| 4 | ജോർജ്ജ് കണക്കശ്ശേരി | നാടകം |
| 5 | ചന്ദ്രശേഖരൻ തിക്കോടി | നാടകം |
| 6 | കബീർദാസ് | നാടകം |
| 7 | ചെറുന്നിയൂർ നമശിവായൻ | നാടകം |
| 8 | സൗദാമിനി | നാടകം |
| 9 | കുമ്പളം വക്കച്ചൻ | നാടകം |
| 10 | അലിയാർ പുന്നപ്ര | നാടകം |
| 11 | അമ്മത് | നാടകം |
| 12 | ആലപ്പി രമണൻ | കഥാപ്രസംഗം |
| 13 | സുകു ഇടമറ്റം | ചമയം |
| 14 | ഗിരിജ ബാലകൃഷ്ണൻ | സംഗീതം |
| 15 | എം.രാമചന്ദ്രൻ | വാദ്യകല |
| 16 | ജോയ് സാക്സ് | ഉപകരണ സംഗീതം |
| 17 | പപ്പൻ നെല്ലിക്കോട് | നാടകം |
| 18 | മാർഗി വിജയകുമാർ | കഥകളി |
| 19 | പഴുവിൽ ഗോപിനാഥ് | ഓട്ടൻതുള്ളൽ |
| 20 | പപ്പൻ കോഴിക്കോട് | ഉപകരണസംഗീതം |
| 21 | എൻ.പങ്കജാക്ഷൻ ആനയടി | സംഗീതം |
| 22 | ടി.കെ.ഡി. മുഴപ്പിലങ്ങാട് | നാടകം |
| 23 | കലാമണ്ഡലം സുകുമാരൻ | കഥകളി |

നാടോടി ഗോത്രകലകൾ, വാദ്യകലകൾ തുടങ്ങിയ കലാരംഗങ്ങളിലെ നിസ്തുലമായ സംഭാവനകൾ പരിഗണിച്ച് താഴെപ്പറയുന്ന കലാകാരന്മാരെ അക്കാദമി ഏർപ്പെടുത്തിയിട്ടുള്ള 2021ലെ പുരസ്കാരങ്ങൾക്ക് തെരഞ്ഞെടുത്തു. പ്രശസ്തി പത്രവും ഫലകവും ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം.

## 11. പ്രൊഫഷണൽ കലാസംഘം, പ്രൊഫഷണൽ നാടകസമിതികൾക്ക് അംഗീകാരം നൽകിയത്/ പുതുക്കിയത്

2021-2022 വർഷത്തിൽ 7 പ്രൊഫഷണൽ നാടക സമിതി, 11 പ്രൊഫഷണൽ കലാസംഘം എന്നിവയ്ക്ക് അക്കാദമി അംഗീകാരം നൽകുകയുണ്ടായി. കൂടാതെ 33 പ്രൊഫഷണൽ നാടകസമിതി, 28 പ്രൊഫഷണൽ കലാ സംഘം എന്നിവയ്ക്കും അംഗീകാരം പുതുക്കി നൽകു കയുണ്ടായി.

## 12. അമേച്വർ കലാസമിതികൾക്ക് അംഗീകാരം നൽകിയത്/പുതുക്കിയത്

2021 - 2022 വർഷത്തിൽ വിവിധ ജില്ലകളിലായി 10 അമേച്വർ കലാസമിതികൾക്ക് അംഗീകാരം നൽകുകയും 140 കലാസമിതികൾക്ക് അംഗീകാരം പുതുക്കി നൽകു കയും ചെയ്തു.

## 13. കലാകാരന്മാർക്കുള്ള അപകടവൈദ്യ ഇൻഷ്വറൻസ് പദ്ധതി

അക്കാദമി സർക്കാരുമായി സഹകരിച്ച് 2021-22 സാ മ്പത്തിക വർഷത്തിൽ പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക് തുടങ്ങിയ കലാരംഗങ്ങളിലെ കലാകാരന്മാർക്ക് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മു ഖേന ഏർപ്പെടുത്തിയിരുന്ന ഇൻഷ്വറൻസ് പദ്ധതി 2021 - 2022 വർഷത്തിൽ പുതുക്കുകയുണ്ടായി. ഇതിനായി 11,87,231 രൂപ പ്രീമിയം തുകയായി ചെലവഴിച്ചു. 2021 ജനുവരി 20 മുതൽ 2022 ജനുവരി 19 വരെയാണ് ഈ പദ്ധതിയുടെ കാലാവധി.

| | |
|---|---|
| പ്രൊഫഷണൽ നാടകം | 515 |
| വാദ്യകല | 174 |
| കഥാപ്രസംഗം | 47 |
| മാജിക് | 30 |
| മറ്റുള്ളവർ | 145 |
| **ആകെ** | **911** |

## 14. കേന്ദ്ര സാംസ്കാരിക കാര്യ വകുപ്പ്/ കേന്ദ്ര സംഗീത് നാടക് അക്കാദമി ധനസഹായം

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയായി ഒട്ടനവധി കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ചെറുതും വലുതുമായ നിരവധി കലാവേ ദികളും സാംസ്കാരിക സ്ഥാപനങ്ങളും ഗൗരവമേറിയ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങൾക്ക് ഇത്തരത്തിലുള്ള സാംസ്കാരിക സംഘടനകളും വഹിച്ച പങ്ക് ചെറുതല്ല.

എന്നാൽ സാമ്പത്തികമായ പരാധീനതകൾ ഇത്ത രത്തിലുള്ള കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അക്കാദമി പ്രവർത്ത നങ്ങൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന ചെറുതും വലുതുമായ സാംസ്കാരിക സംഘടനകളെ സഹായി ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് അക്കാദമിയുടെ പ്രവർത്തനലക്ഷ്യമാണ്. സാമ്പത്തിക പരാധീനതമൂലം പ്രവർത്തനങ്ങളിൽ നിന്നും പിന്നോട്ട് പോകുന്ന കലാ സംസ്കാരിക സംഘടനകൾക്കും സ്ഥാ പനങ്ങൾക്കും കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും അക്കാദമി സ്വീകരിച്ചു വരുന്നുണ്ട്.

കേന്ദ്ര സാംസ്കാരിക വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ വഴിയും കേന്ദ്ര സംഗീത നാടക അക്കാദമി യിൽ നിന്നും പല സാമ്പത്തിക സഹായങ്ങളും കലാ സമിതികൾക്കും,വ്യക്തികൾക്കുംലഭ്യമാണ്.പ്രൊഡക്ഷൻ ഗ്രാന്റ്, കൾച്ചറൽ ഫങ്ഷൻ ഗ്രാന്റ്, കലാപരിപാടി കൾക്ക് ഫിനാൻഷ്യൽ അസിസ്റ്റൻസ്, തിയറ്റർ വർക്ക് ഷോപ്പ് ഗ്രാന്റ്, റിപ്പർട്ടറി ഗ്രാന്റ്, സാലറി ഗ്രാന്റ്, പപ്പറ്റ് പ്രൊഡക്ഷൻ ഗ്രാന്റ് എന്നിങ്ങനെ വിവിധ ഗ്രാന്റു കൾക്ക് വേണ്ടിയുള്ള അപേക്ഷകളും അക്കാദമിയിൽ നിന്ന് ശുപാർശചെയ്ത് കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചുവരുന്നുണ്ട്.

റിപ്പോർട്ട് വർഷത്തിൽ കേന്ദ്ര സാംസ്കാരിക കാര്യ വകുപ്പ്/ കേന്ദ്ര സംഗീത് നാടക് അക്കാദമിയുടെ ധന സഹായത്തിനായി അക്കാദമിയിൽ ലഭിച്ച 56 അപേക്ഷ കൾ അക്കാദമി ശുപാർശ ചെയ്യുകയുണ്ടായി.

### 15. കേന്ദ്ര കലാകാര പെൻഷൻ

റിപ്പോർട്ട് വർഷത്തിൽ കേന്ദ്ര കലാകാര പെൻഷനു വേണ്ടി അക്കാദമിയിൽ ലഭിച്ച യോഗ്യമായ 10 അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുകയുണ്ടായി.

### 16. സംസ്ഥാന കലാകാര പെൻഷൻ

സംഗീതം, നൃത്തം, നാടകം, ശാസ്ത്രീയകലകൾ, നൃത്തകലകൾ, ക്ഷേത്രകലകൾ, മാജിക്, കഥാപ്രസംഗം എന്നീ കലാമേഖലകളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച കലാകാരന്മാർക്ക് സംസ്ഥാന സർക്കാർ കലാകാര പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. അക്കാദമിയുടെ കലാപരിധിയിൽ വരുന്ന കലാമേഖലകളിലെ കലാകാരന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അപേക്ഷയും അനുബന്ധ രേഖകളും സൂക്ഷ്മപരിശോധന നടത്തി സാംസ്കാരിക കാര്യ വകുപ്പദ്ധ്യക്ഷ കാര്യാലയത്തിലേക്ക് അയച്ചുകൊടുക്കുകയാണ് അക്കാദമി ചെയ്തു വരുന്നത്.

റിപ്പോർട്ട് വർഷത്തിൽ സംസ്ഥാന കലാകാര പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അക്കാദമിയിൽ ലഭിച്ച യോഗ്യമായ 147 അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

### 17. കലാപരിശീലനത്തിന് ധനസഹായം / സ്റ്റൈപ്പന്റ്

പുതുതലമുറയ്ക്ക് കലാപരിശീലനം ലഭ്യമാക്കുന്നതിനായി അക്കാദമി ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. മികച്ച പരിശീലനം ലഭ്യമാക്കാത്തതും മതിയായ സാമ്പത്തിക ശേഷി ഇല്ലാതെയും വരുന്നതിനാൽ പുതുതലമുറയിൽ നിന്നും മികച്ച പ്രതിഭകൾ കലാമേഖലയിലേക്ക് കടന്നു വരാതിരിക്കാൻ കാരണമാകുന്നുണ്ട്. ഇത്തരത്തിലുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്നത് അക്കാദമിയുടെ ഉത്തരവാദിത്വമാണ്.

കലാഭിരുചിയുള്ളവരും,അതേസമയംകലാശിക്ഷണം നേടാൻ സാമ്പത്തിക ശേഷി ഇല്ലാത്തവരുമായ കുട്ടികൾക്ക് കലാപരിശീലനത്തിന് അക്കാദമി സ്റ്റൈപ്പന്റ് നൽകി വരുന്നു. നൃത്ത വിഭാഗത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, കേരളനൃത്തം എന്നിവക്കും സംഗീത വിഭാഗത്തിൽ വായ്പ്പാട്ട്, വയലിൻ, വീണ, മൃദംഗം എന്നിവയിലും കലാപരിശീലനം നടത്തുന്നതിനാണ് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്. അക്കാദമി തെരഞ്ഞെടുത്ത 150 കുട്ടികൾക്കാണ് (നൃത്തം - 100, സംഗീതം - 50). പരിശീലന വർഷത്തിന്റെ അടിസ്ഥാനത്തിൽ 1-ാം വർഷം 300/- രൂപ, 2-ാം വർഷം 310/-രൂപ, 3-ാം വർഷം 320/-രൂപ, 4-ാം വർഷം 330/-രൂപ, 5-ാം വർഷം 340/-രൂപ, 6-ാം വർഷം 350/-രൂപ എന്ന നിരക്കിലാണ് മാസംതോറും സ്റ്റൈപ്പന്റ് നൽകി വരുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ വേതനം ഇനത്തിൽ 1,96,755/-രൂപ ചെലവ് വന്നിട്ടുണ്ട്.

### 18. ബി.ടി.എ/എം.ടി.എ സ്കോളർഷിപ്പ്

നാടകം ഐച്ഛിക വിഷയമായി എടുത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള സംഗീത നാടക അക്കാദമി ബി.ടി.എ/ എം.ടി.എ എന്നീ വിഭാഗങ്ങളിലായി ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. തിയറ്റർ, നാടകം പോലുള്ള വിഷയങ്ങൾ പഠിക്കുന്നതിന് പുതുതലമുറയിലെ വിദ്യാർത്ഥികൾ വൈമുഖ്യം കാണിക്കുമ്പോൾ അത്തരത്തിലുള്ള വിദ്യാർത്ഥികളെ നാടകവേദിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് അക്കാദമി ഇങ്ങനെ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ ബി.ടി.എ, എം.ടി.എ വിദ്യാർത്ഥികൾക്കും, കാലടി സംസ്കൃത സർവ്വകലാശാലയിലെ എം.ടി.എ വിദ്യാർത്ഥികൾക്കും അക്കാദമി സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. അക്കാദമിയുടെ നിർവ്വാഹകസമിതിയുടെ 08-03-2017ലെ 23-ാം നമ്പർ തീരുമാനപ്രകാരം ബി.ടി.എ സ്കോളർഷിപ്പിനുള്ള കുട്ടികളുടെ എണ്ണം 6ൽ നിന്നും 10 ആയും എം.ടി.എ സ്കോളർഷിപ്പിനുള്ള കുട്ടികളുടെ എണ്ണം 4ൽ നിന്നും 8ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം 30 ബി.ടി.എ വിദ്യാർത്ഥികൾക്കും, 16 എം.ടി.എ വിദ്യാർത്ഥികൾക്കും പ്രതിമാസം 1,500/-രൂപ നിരക്കിലാണ് സ്കോളർഷിപ്പ് നൽകി വരുന്നത്.

അക്കാദമിയുടെ 21.03.2019-ലെ നിർവ്വാഹക സമിതിയുടെ 15-ൽ 9-ാം നമ്പർ തീരുമാന പ്രകാരം സ്കൂൾ ഓഫ് ഡ്രാമയിലേയും കാലടി സംസ്കൃത സർവ്വകലാശാലയിലേയും എം.എ. സംഗീതം പഠിക്കുന്ന 8 (ഒരു വർഷം) വീതം ആകെ 16 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിച്ചു.

2021-2022 സാമ്പത്തിക വർഷം സ്കോളർഷിപ്പ് ഇനത്തിൽ ബി.ടി.എ/എം.ടി.എ 7,38,000/- രൂപ ചെലവ് വന്നിട്ടുണ്ട്.

## 19. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി

കേരളത്തിലുള്ള കലാകാരന്മാരുടെ ക്ഷേമപദ്ധതികളിൽ വളരെ പ്രധാനപ്പെട്ടതാണ് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി. സംഗീതം, നൃത്തം, നാടകം, മാജിക്, ശാസ്ത്രീയ കലകൾ, കഥാപ്രസംഗം, ക്ഷേത്രകലകൾ തുടങ്ങിയ വിവിധ കലാമേഖലകളിലെ കലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക നടപടികൾ അക്കാദമി സ്വീകരിച്ചുവരുന്നുണ്ട്. മതിയായ രേഖകൾ സഹിതം സാംസ്കാരിക ക്ഷേമനിധി ബോർഡിൽ സമർപ്പിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ശുപാർശചെയ്ത് തുടർ നടപടികൾക്കായി തിരിച്ചയക്കുക എന്ന ഉത്തരവാദിത്വം അക്കാദമിയിൽ നിക്ഷിപ്തമാണ്.

2021-2022 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധിയിൽ അംഗത്വത്തിനായി തിരുവനന്തപുരത്തെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും ലഭിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി 863 അപേക്ഷകൾ അക്കാദമി ശുപാർശ ചെയ്യുകയുണ്ടായി.

## 20. വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ

2021 -2022 സാമ്പത്തിക വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 17 അപേക്ഷകൾ അക്കാദമിയിൽ ലഭിച്ചു. പ്രസ്തുത അപേക്ഷകളിന്മേൽ അക്കാദമി മറുപടി നൽകുകയും ആയതിന്റെ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു.

## 21. കേളി

മഹത്തായ സാംസ്കാരിക പാരമ്പര്യമുള്ള കേരളത്തിലെ ഏക ആർട്ട് ജേർണലാണ് കേളി. ഡോ. ഭാസ്കരൻ നായരെ പോലുള്ള മഹാമനീഷികളുടെ പ്രൗഢമായ പഠനങ്ങൾ വന്ന പ്രസിദ്ധീകരണമാണ് ഇത്. മറ്റ് അക്കാദമികളിൽ നിന്നും വ്യത്യസ്തമായി ഒട്ടേറെ കലാശാഖകളെ അടുത്തറിയുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതാണ് കേരള സംഗീത നാടക അക്കാദമി. അതുകൊണ്ടു തന്നെ ആ മേഖലകളിൽ പ്രവർത്തിക്കുന്ന അപൂർവ്വ വ്യക്തിത്വങ്ങളെക്കുറിച്ചും അവരുടെ ആവിഷ്ക്കാരങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ കേളി പൊതുവായും പ്രത്യേക ലക്കമായും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. സംഗീതവും നാടകവും കൂടാതെ നൃത്തവും കൂടിയാട്ടവും സർക്കസും മാജിക്കും ഉൾപ്പെടെയുള്ള വിഷയങ്ങളെപ്പറ്റിയുള്ള ഗഹനമായ ലേഖനങ്ങൾക്കും പഠനങ്ങൾക്കും കേളിയിൽ ഇടം നൽകാറുണ്ട്. മികച്ച റഫറൻസ് ജേർണൽ എന്ന നിലയ്ക്ക് കേളി ഗവേഷകർക്കിടയിൽ എന്നും ഒരു ചർച്ചാവിഷയം തന്നെയാണ്. പ്രമുഖരായ കലാനിരൂപകർക്കൊപ്പം പുതിയ കാലത്തിന്റെ എഴുത്തായി അത്തരം ഗവേഷണ പ്രബന്ധങ്ങൾ കേളിയിൽ വരുന്നത് വായനയ്ക്കും ഭാവുകത്വത്തിന്റെ പുതിയ പ്രഭാതങ്ങളാണ് ഒരുക്കുന്നത്. ഇത് ഗവേഷകരുടെ ആത്മവിശ്വാസം വളർത്തുകയും തങ്ങളുടെ ഗവേഷണ വിഷയത്തെ ആധികാരികവും ഗഹനവുമായ ഒന്നായി മാറ്റാൻ സഹായിക്കുകയും ചെയ്യുന്നു. സമന്വയ ദർശനം എന്ന വലിയ ലക്ഷ്യത്തിലൂന്നിയാണ് കേളി സമീപകാല ലക്കങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. കലയ്ക്ക് അവാന്തരവിഭാഗങ്ങൾ ഉണ്ടെങ്കിലും അവ, പലതലങ്ങളിലും പാരസ്പര്യം പുലർത്തുന്നു എന്ന വസ്തുതയെയാണ് ഈ പഠനങ്ങൾ വെളിപ്പെടുത്തുന്നത്. മലയാളത്തിലെ കലാനിരൂപണത്തിൽ ഇതൊരു പുതിയ ചുവടുവെപ്പാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2020 ഒക്ടോബർ - 2021 മാർച്ച്, 2021 ഏപ്രിൽ - ജൂൺ എന്നീ രണ്ട് ലക്കം കേളിയാണ് പുറത്തിറക്കിയത്. ജലം എന്ന ആശയം കലയുടെ വ്യത്യസ്ത മേഖലകളിൽ എങ്ങനെ ആവിഷ്ക്കരിക്കപ്പെടുന്നു എന്നതിനെ കുറിച്ചുള്ള വലിയ അന്വേഷണമാണ് 2020 ഒക്ടോബർ-2021 മാർച്ച് ലക്കം കേളിയുടെ ഉള്ളടക്കം. പ്രതിഭാധനരായ വിജയകുമാർ മേനോൻ, ഡോ. എം.ജി. ശശിഭൂഷൺ, ഇ.പി. രാജഗോപാലൻ എന്നിവരുടെ ലേഖനങ്ങളാൽ സമ്പന്നമായ ഈ ലക്കം ഗവേഷകർക്കിടയിലും കലാവിദ്യാർത്ഥികൾക്കിടയിലും പുതിയ ചർച്ചകൾക്ക് വഴി തുറക്കാൻ സഹായകമായി. ഉള്ളടക്കത്തിലും വിഷയാവതരണത്തിലും വ്യത്യസ്തത പുലർത്തിയ ഈ ലക്കം കേളിയുടെ മികച്ച ലക്കങ്ങളിൽ ഒന്നാണ്. കേളിയുടെ 2021 ഏപ്രിൽ-ജൂൺ ലക്കം കലയുടെ വിഭിന്ന വഴികളെകുറിച്ചായിരുന്നു. പ്രമുഖ ചിത്ര

കാരനായ എ. രാമചന്ദ്രൻ കേരളത്തിലെ ചുവർച്ചിത്ര പാരമ്പര്യത്തെപ്പറ്റി നടത്തിയ വ്യത്യസ്തമായ വായനയെ പി. സുധാകരൻ മൊഴിമാറ്റം ചെയ്ത് തയ്യാറാക്കിയ ലേഖനം, സ്വാതി പുരസ്കാരം ലഭിച്ച ഡോ. കെ. ഓമന ക്കുട്ടി സ്വാതിതിരുനാളിന്റെ സംഭാവനകളെ കുറിച്ച് എഴുതുന്നത്, ലോകപൈതൃക കേന്ദ്രമായി അംഗീകാരം ലഭിച്ച ധോളവീരയുടെ വർത്തമാനകാലം വിശകലനം ചെയ്യുന്ന മധു ഇളയതിന്റെ ലേഖനം, നാഗാരാധന യെപ്പറ്റിയുള്ള നളിനി സി.എമ്മിന്റെ സ്ത്രീപക്ഷപഠനം തുടങ്ങി വ്യത്യസ്ത സരണിയുള്ള ലേഖനങ്ങളാൽ സമ്പ ന്നമാണ് 2021 ഏപ്രിൽ-ജൂൺ ലക്കം കേളി.

## 22.പുസ്തക പ്രസിദ്ധീകരണം

സംസ്ഥാന സർക്കാറിന്റെ നൂറ് ദിന കർമ്മ പരിപാ ടിയുടെ ഭാഗമായി കേരള സംഗീത നാടക അക്കാദമി നൂറ് ദിനം: നൂറ് പുസ്തകം പദ്ധതിക്ക് കഴിഞ്ഞ സാമ്പ ത്തിക വർഷത്തിൽ തുടക്കം കുറിച്ചിരുന്നു. കോവിഡ് പ്രതിസന്ധിയിൽ അകപ്പെട്ട സർഗ്ഗാത്മക മേഖലയെ പുന രുജ്ജീവിപ്പിക്കുന്നതിനാണ് അക്കാദമി ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി അച്ചടി ക്കുന്ന ഓരോ 500 കോപ്പി പുസ്തകത്തിന്റെയും ആകെ വിലയുടെ 10 ശതമാനം റോയൽറ്റിയായി പ്രസ്തുത എഴുത്തുകാർക്ക് നൽകുകയെന്ന ചരിത്രപരമായ തീരു മാനവും അക്കാദമി കൈക്കൊണ്ടിരിക്കുന്നു. അതായത് ഈ പദ്ധതി പ്രകാരം, അച്ചടിച്ച പുസ്തകം വിറ്റുപോ യാലും ഇല്ലെങ്കിലും എഴുത്തുകാർക്ക്, ആകെ അച്ചടിച്ച കോപ്പിയുടെ വിലയുടെ 10 ശതമാനം തുക റോയൽറ്റി യായി നൽകും. ഇതിന്റെ ഭാഗമായി വ്യത്യസ്ത ശ്രേണി യിൽപ്പെട്ട 14 പുസ്തകങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ച ത്. അക്കാദമിയുടെ ചരിത്രത്തിൽ തന്നെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയധികം പുസ്തകങ്ങൾ പ്രസി ദ്ധീകരിക്കുന്നത് ആദ്യമായിട്ടാണ്. നാടകം, സംഗീതം, കഥകളി, നാടകാനുഭവം, നാടകപഠനം, ജീവിതരേഖ തു ടങ്ങിയ ശ്രേണികളിൽപ്പെട്ട 14 പുസ്തകങ്ങൾ പ്രസിദ്ധീ കരിച്ചതിൽ രണ്ട് പുസ്തകങ്ങളുടെ രണ്ടാം പതിപ്പാണ് അക്കാദമി പുറത്തിറക്കിയത്. ഭാരതീയ സംഗീതത്തിലെ വഴിത്തിരിവായ ഹിന്ദുസ്ഥാനി സംഗീതത്തിലെ മഹത് വ്യക്തികളെക്കുറിച്ചും സമ്പ്രദായങ്ങളെക്കുറിച്ചും പ്രതി പാദിക്കുന്ന കെ.എ ശങ്കരന്റെ ഉത്തരേന്ത്യൻ സംഗീത ധാര, മധ്യകേരളത്തിൽ അലയടിക്കുന്ന ചെങ്ങന്നൂരാതി എന്ന പുരാവൃത്തത്തിന്റെ ഗദ്യ-പദ്യ പുനരാഖ്യാനമായ ബിനു.എം. പള്ളിപ്പാടിന്റെ ചെങ്ങന്നൂരാതിപ്പാട്ട് ഗദ്യ-പദ്യ പുനരാഖ്യാനം, നാടകവേദിയിലെ പ്രകാശഗോപുരങ്ങ ളെ അടുത്തറിയാൻ ഉതകുന്ന വി.ഡി. പ്രേമപ്രസാദിന്റെ നാടകപാതയിലെ വഴിവിളക്കുകൾ, പച്ചയായ ജീവിതാനു ഭവങ്ങളിൽ നിന്നും തഴച്ചു വളർന്ന നാടകപ്രതിഭയായ എൻ.എൻ. പിള്ളയെ കുറിച്ച് ടി.എം. എബ്രഹാം രചിച്ച ജീവിതരേഖയായ എൻ.എൻ. പിള്ള (രണ്ടാം പതിപ്പ്) എന്നീ പുസ്തകങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ആദ്യഘട്ടത്തിൽ പുറത്തിറക്കിയത്. ഈ പുസ്തകങ്ങളുടെ 500 കോപ്പി വീതമാണ് അച്ചടിച്ചത്. 2021 ആഗസ്ത് 31ന് കെ.ടി. മുഹമ്മദ് സ്മാരക റീജിയണൽ തിയ്യേറ്ററിൽ നടന്ന അക്കാദമി അവാർഡ് ദാന ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ, കെ.എ. ശങ്കരൻ രചിച്ച ഉത്തരേന്ത്യൻ സംഗീത ധാര, പ്രശസ്ത സാഹിത്യ കാരൻ വൈശാഖന് നൽകിയും ടി.എം. എബ്രഹാം രചിച്ച എൻ.എൻ. പിള്ള എ. വി. അജയകുമാറിനു നൽകിയും ബിനു എം. പള്ളിപ്പാട് രചിച്ച ചെങ്ങന്നൂരാതിപ്പാട്ട് ഗദ്യ -പദ്യ പുനരാഖ്യാനം പി.വി. ബാലന് നൽകിയും വി.ഡി. പ്രേമപ്രസാദ് രചിച്ച നാടകപ്പാതയിലെ വഴിവിളക്കുകൾ എം.എൻ. വിനയകുമാറിന് നൽകിയും പ്രകാശനം ചെ യ്തു.

അരങ്ങു ജീവിതത്തിലെ ഗതിവിഗതികളെയും കഥാപാത്രങ്ങൾക്ക് ജീവൻ കൊടുത്ത അഭിനയപ്രതി ഭകളെയും സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ സേവ്യർ പുൽപ്പാട്ട് രേഖപ്പെടുത്തുന്ന പുസ്തകമായ അരങ്ങി ലൂടെ ഒരു യാത്ര, 2017ൽ സംസ്ഥാന സർക്കാറിന്റെ മികച്ച നാടക രചനയ്ക്കുള്ള പുരസ്കാരം ലഭിച്ച ഫ്രാൻസിസ് ടി മാവേലിക്കരയുടെ നാടകമായ ഒരു നാഴിമണ്ണ്, നാടകനിരൂപണത്തിന്റെ പുതിയ മുഖമായി ഉയർത്തികാട്ടാവുന്ന 18 ലേഖനങ്ങൾ അടങ്ങിയ പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ നാടകത്തിന്റെ നാട്ടിൽ, എം.എൻ വിനയകുമാർ രചിച്ച മറിമാൻകണ്ണി എന്ന നാടകം, നാടകലോകത്ത് പുതിയ കാറ്റും വെളിച്ചവും കൊണ്ടു വന്ന എ ശാന്തകുമാർ രചിച്ച എ ശാന്തകുമാറിന്റെ ആറ് നാടകങ്ങൾ, മലയാള നാടകവേദിയിലെ അതികാ യകനായ ജി. ശങ്കരപ്പിള്ളയെ അടുത്തറിയാൻ സഹാ യിക്കുന്ന സി.എൻശ്രീവത്സൻ രചിച്ചഅന്വേഷണവഴിയിൽ ജി. ശങ്കരപ്പിള്ള, ബഹുമുഖപ്രതിഭയായ ആർട്ടിസ്റ്റ് പി.ജെ

ചെറിയാന്റെ കലാഭരിതമായ ജീവിതത്തെകുറിച്ച് എ. കെ. പുതുശ്ശേരി രചിച്ച ജീവിതരേഖയായ ആർട്ടിസ്റ്റ് പി.ജെ ചെറിയാൻ നാടകലോകത്തെ ധ്രുവനക്ഷത്രം, മലയാളനാടകത്തിന്റെ വികാസത്തെയും നാടകനിരൂപണത്തിന്റെ സാധ്യതകളെയും വിശകലനം ചെയ്യുന്ന ഡോ. എ.കെ നമ്പ്യാരുടെ നാടകപ്രപഞ്ചം എന്നീ എട്ട് പുസ്തകങ്ങൾ നൂറ് ദിനം: നൂറ് പുസ്തകം പദ്ധതിയുടെ ഭാഗമായി രണ്ടാംഘട്ടത്തിൽ പ്രസിദ്ധീകരിച്ചു. 2021 ഒക്ടോബർ 25ന് കെ.ടി മുഹമ്മദ് സ്മാരക തിയ്യേറ്ററിൽ നടന്ന അക്കാദമിയുടെ പ്രൊഫഷണൽ നാടകമത്സരത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ഈ എട്ട് പുസ്തകങ്ങളും പ്രശസ്ത സാഹിത്യകാരൻ അശോകൻ ചരുവിൽ പി.വി.കെ പനയാലിന് നൽകി പ്രകാശനം ചെയ്തു. അന്തരിച്ച പ്രശസ്ത നാടകകൃത്ത് എ. ശാന്തകുമാറിന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന്റെ ഭാഗമായി 'എ. ശാന്തകുമാറിന്റെ ആറ് നാടകങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ 1000 കോപ്പികൾ പ്രിന്റു ചെയ്തിരുന്നു. മറ്റ് ഏഴു പുസ്തകങ്ങളുടെയും 500 കോപ്പി വീതം മാത്രം ആണ് അച്ചടിച്ചിരുന്നത്.

കഥകളി ആസ്വാദനത്തിന്റെയും നിരൂപണത്തിന്റെയും നിരീക്ഷണത്തിന്റെയും പ്രായോഗിക മേഖലയിലെ പഠനത്തിന്റെയും വെളിച്ചത്തിൽ വെള്ളിനേഴി അച്യുതൻകുട്ടി തയ്യാറാക്കിയ ആധികാരികഗ്രന്ഥമാണ് കഥകളിപ്പദങ്ങൾ വാല്യം ഒന്നും രണ്ടും. നൂറ് ദിനം: നൂറ് പുസ്തകം പദ്ധതിയുടെ ഭാഗമായി മൂന്നാംഘട്ടത്തിലാണ് ഈ പുസ്തകങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചത്. അക്കാദമിയുടെ ചരിത്രത്തിൽ തന്നെ കഥകളിയെക്കുറിച്ചുള്ള ഇത്രയും ബൃഹത്തായ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് ആദ്യമായിട്ടാണ്. അച്ചടിയിൽ അന്യത്ര സുലഭമല്ലാത്ത വന്ദനശ്ലോകങ്ങൾ, മംഗളശ്ലോകങ്ങൾ, ആട്ടക്കഥകൾ അന്യമായിക്കൊണ്ടിരുന്ന പുറപ്പാട്ടുകൾ എന്നിവ ശ്രദ്ധാലുവായ ആസ്വാദകനോ, കഥകളി വിദ്യാർത്ഥിക്കോ ഉപകാരപ്പെടുന്ന വിധത്തിലാണ് ഈ പുസ്തകം തയ്യാറാക്കിയത്. 2022 ജനുവരി ആറിന് അക്കാദമി അങ്കണത്തിൽ വച്ച് കഥകളിപ്പദങ്ങൾ വാല്യം ഒന്ന്, കഥകളിപ്പദങ്ങൾ വാല്യം രണ്ട് എന്നീ പുസ്തകം പി. ചിത്രൻ നമ്പൂതിരിപ്പാട് കലാമണ്ഡലം ബാലസുബ്രഹ്മണ്യന് നൽകി പ്രകാശനം ചെയ്തു. കഥകളിപ്പദങ്ങൾ വാല്യം ഒന്നും രണ്ടിന്റെയും 250 കോപ്പി വീതമാണ് അച്ചടിച്ചത്.

## 23. എം.ആർ.ബി.സ്മാരക ഗ്രന്ഥാലയം

നവോത്ഥാന നായകനായ എം.ആർ.ബി.യുടെ നാമത്തിലാണ് ഈ ഗ്രന്ഥാലയം പ്രവർത്തിച്ചു വരുന്നത്. സംഗീതം, നൃത്തം, നാടകം, കഥകളി, തുടങ്ങിയ ശാസ്ത്രീയകലകളെക്കുറിച്ചും, താളവാദ്യങ്ങളെക്കുറിച്ചും, നാടോടി ഗ്രോത്രകലകളെക്കുറിച്ചും പ്രതിപാദിക്കുന്ന പുരാതനവും ആധുനികവുമായ നിരവധി ഗ്രന്ഥശേഖരം അക്കാദമി ഗ്രന്ഥാലയത്തിലുണ്ട്. സൗജന്യമായ റഫറൻസ് സൗകര്യമാണ് നൽകുന്നത്. പഠിതാക്കൾക്ക് 10 മണി മുതൽ 5 മണി വരെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനും പഠനക്കുറിപ്പുകൾ തയ്യാറാക്കുന്നതിനുമുള്ള സൗകര്യം അക്കാദമി ഗ്രന്ഥാലയത്തിലുണ്ട്. അവശ്യം വേണ്ടുന്ന പുസ്തകങ്ങളുടെയും പഠന ഭാഗങ്ങളുടെയും പകർപ്പുകൾ അക്കാദമി ഓഫീസിൽ നിന്നും എടുത്തു കൊടുക്കുകയും ചെയ്തു വരുന്നുണ്ട്. കേരളത്തിലെയും, കേരളത്തിന് പുറത്തേയും കലാപഠിതാക്കളും ഗവേഷകരും ആസ്വാദകരും വായനക്കാരും അക്കാദമി റഫറൻസ് ലൈബ്രറി ഉപയോഗിക്കുന്നുണ്ട്. അക്കാദമി റഫറൻസ് ലൈബ്രറിയിൽ 7492 ഗ്രന്ഥങ്ങളുണ്ട്.



## 24. സി.എൻ. ശ്രീകണ്ഠൻ നായർ ഗസ്റ്റ് ഹൗസ്

തൃശൂരിൽ എത്തുന്ന കലാകാരന്മാർക്ക് താമസസൗകര്യത്തിനായി സി.എൻ. ശ്രീകണ്ഠൻനായർ ഗസ്റ്റ്ഹൗസ് അക്കാദമിയിൽ പ്രവർത്തനക്ഷമമാണ്. സർഗ്ഗ പ്രക്രിയയിൽ ഏർപ്പെടുന്ന കലാകാരന്മാർക്ക് കുറഞ്ഞ വാടകയിൽ സ്വന്തമായി രചനകൾ നിർവ്വഹിക്കുന്നതിനും ആശയ

വിനിമയം നടത്തുന്നതിനും വേണ്ടിയാണ് അക്കാദമി നഗരമധ്യത്തിൽ അക്കാദമി ക്യാമ്പസിൽ ഇത്തരത്തിലുള്ള ഗസ്റ്റ് ഹൗസ് പണികഴിപ്പിച്ചിട്ടുള്ളത്. എല്ലാ കലാമേഖലകളിൽ നിന്നുമുള്ള കലാകാരന്മാർ അക്കാദമിയിലെ ഈ സൗകര്യം ഉപയോഗിച്ചു വരുന്നുണ്ട്. അക്കാദമി സെക്രട്ടറിയുടെ മുൻകൂർ അനുമതിയോട് കൂടിയാണ് കലാകാരന്മാർക്ക് മുറികൾ അനുവദിച്ച് വരുന്നത്.

കലാകാരന്മാർക്ക് ഗവേഷണം നടത്തുന്നതിനും മറ്റുമായി അക്കാദമി പണി കഴിപ്പിച്ച ആർട്ടിസ്റ്റ് കോട്ടേജ് (സി.എൻ. ശ്രീകണ്ഠൻ നായർ ഗസ്റ്റ് ഹൗസ്) വാടക എ.സി സിംഗിൾ 500/-രൂപ, എ.സി ഡബിൾ 600/-രൂപ, നോൺ എ.സി സിംഗിൾ 300/-, നോൺ എ.സി ഡബിൾ 400/-രൂപ എന്ന തോതിലാണ് ഈടാക്കി വരുന്നത്.

2021 - 2022 സാമ്പത്തിക വർഷം ഗസ്റ്റ് ഹൗസ് വാടകയിനത്തിൽ 44,200/-രൂപ അക്കാദമിക്ക് ലഭിച്ചിട്ടുണ്ട്.

## 25. കേരള സംഗീത നാടക അക്കാദമി കെ.ടി. മുഹമ്മദ് സ്മാരക തിയറ്റർ

കേരളത്തിലെ സാംസ്കാരിക സംഘടനകൾക്കും കലാകാരന്മാർക്കും കലാവതരണങ്ങൾ നടത്തുന്നതിനായി മികച്ച സാങ്കേതിക സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന ശീതീകരിച്ച തിയറ്റർ അക്കാദമി ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അക്കാദമി ആസ്ഥാനത്ത് സംഘടിപ്പിക്കുന്ന അക്കാദമി പ്രോഗ്രാമുകൾക്ക് പുറമെ സാംസ്കാരിക സംഘടനകൾക്കും വ്യക്തികൾക്കും തിയറ്റർ വാടകയ്ക്ക് നൽകി വരുന്നുണ്ട്. ശാസ്ത്രീയ സംവിധാനങ്ങളോടെ രൂപകൽപന ചെയ്ത കേരളത്തിലെ അപൂർവ്വ തിയറ്ററുകളിലൊന്നാണ് സാംസ്കാരിക നഗരിയിൽ അക്കാദമി നിർമ്മിച്ചിട്ടുള്ളത്. അരനൂറ്റാണ്ടിലേറെ കാലമായി പ്രവർത്തിച്ചു വരുന്ന ഒട്ടേറെ ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച അക്കാദമി തിയറ്ററിന് കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ മുഖ്യസ്ഥാനമുണ്ട്. നാടക നവോത്ഥാനത്തിന്റെ മുന്നണി പോരാളിയായ കെ.ടി. മുഹമ്മദിന്റെ സ്മരണക്കായി റീജിയണൽ തിയറ്ററിന് കെ.ടി. മുഹമ്മദ് സ്മാരക തിയറ്റർ എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. തിയറ്ററിന്റെ വാടകയായി അക്കാദമി അംഗീകാരമുള്ള സംഘടനകൾക്ക് 14 മണിക്കൂർ താരീഫിന് 5,000/-രൂപയും 8 മണിക്കൂർ താരീഫിന് 3,000/-രൂപയും മണിക്കൂറിന് 200/-രൂപ വൈദ്യുതിചാർജ്ജും മറ്റ് സംഘടനകൾക്ക് 14 മണിക്കൂറിന് 8,000/-രൂപയും 8 മണിക്കൂറിന് 5,000/-രൂപയും കൂടാതെ ഒരു മണിക്കൂറിന് 200/-രൂപ വൈദ്യുതി ചാർജ്ജും ഈടാക്കി വരുന്നു. കൂടാതെ നിയമാനുസൃതമായ നികുതിയും, ലൈറ്റ് & സൗണ്ടിന് മിതമായ വാടകയും, എയർകണ്ടീഷൻ സംവിധാനത്തിന്റെ വാടകയും ഈടാക്കി വരുന്നു.

കോവിഡ്-19 നിയന്ത്രണങ്ങൾ കാരണം റിപ്പോർട്ട് വർഷം അക്കാദമി തിയറ്റർ ആകെ 26 ദിവസം വിവിധ പരിപാടികൾക്കായി ബുക്ക് ചെയ്യുകയുണ്ടായി. ഇതിൽ 12 ദിവസം അക്കാദമി അംഗീകാരമുള്ള സമിതി/സംഘടനകളും 14 ദിവസം മറ്റുള്ള സംഘടനകളുമാണ് ബുക്ക് ചെയ്തത്. 2021 - 2022 സാമ്പത്തിക വർഷത്തിൽ കെ.ടി. മുഹമ്മദ് തിയറ്ററിന്റെ വാടക മറ്റിനങ്ങൾ എന്നിവയിൽ നിന്ന് ആകെ 2,87,316/- രൂപ ലഭിക്കുകയുണ്ടായി.

## 26. നാട്യഗൃഹം (ബ്ലാക്ക് ബോക്സ്)

ബ്ലാക്ക്ബോക്സ് തിയറ്ററായി രൂപകല്പന ചെയ്തതാണ് അക്കാദമിയുടെ തോപ്പിൽഭാസി നാട്യഗൃഹം. ഏകാങ്കാവതരണങ്ങൾ, ഇൻഡിമേറ്റ് തിയറ്റർ പെർഫോർമൻസുകൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിങ്ങനെയുള്ള ഗൗരവമേറിയ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള വേദിയാണ് അക്കാദമി നാട്യഗൃഹം. പലവിധത്തിലുള്ള പരിശീലന ക്ലാസ്സുകളും, ശില്പശാലകളും, ലെക്ചർ ഡെമോൺസ്ട്രേഷനുകളും, വീഡിയോ



പ്രൊജക്ഷനുകളും സിനിമാപ്രവർത്തനങ്ങളും ബ്ലാക്ക് ബോക്സിൽ അരങ്ങേറുന്നു.

കൊവിഡ് നിയന്ത്രണങ്ങൾ കാരണം റിപ്പോർട്ട് വർഷം നാട്യഗൃഹം (ബ്ലാക്ക്ബോക്സ് തിയേറ്റർ) 42 ദിവസം വിവിധ പരിപാടികൾക്കായി ബുക്ക് ചെയ്യുകയുണ്ടായി. ഇതിൽ 38 ദിവസം അക്കാദമി അംഗീകാരമുള്ള സമിതികളും 4 ദിവസം മറ്റ് സംഘടനകളുമാണ് ബുക്ക് ചെയ്ത് ഉപയോഗിച്ചിട്ടുള്ളത്.

ഇതിന്റെ വാടകയായി അക്കാദമി അംഗീകാരമുള്ള സമിതി/സംഘടനകൾക്ക് 8 മണിക്കൂറിന് 600/-രൂപയും നാടക റിഹേഴ്സലുകൾക്ക് 300/-രൂപയും മറ്റ് സംഘടനകൾക്ക് 1,200/-രൂപയുമാണ് ഈടാക്കി വരുന്നത്. 2021-2022 സാമ്പത്തികവർഷം ഇതിന്റെ വാടകയിനത്തിൽ 26,820/- രൂപ ലഭിച്ചിട്ടുണ്ട്.

## 27. പ്രൊഫ.എസ്.ഗുപ്തൻ നായർ ഹാൾ

കുറഞ്ഞ ചിലവിൽ സാംസ്കാരിക സംഘടനകൾക്കും വ്യക്തികൾക്കും പരിശീലനം നടത്തുന്നതിനു വേണ്ടി അക്കാദമിയിൽ പ്രൊഫ.എസ്.ഗുപ്തൻ നായർ ഹാൾ പ്രവർത്തിച്ചുവരുന്നുണ്ട്. അക്കാദമിയുടെ എം.ആർ.ബി.സ്മാരക ഗ്രന്ഥാലയത്തിനു മുകളിൽ പണികഴിപ്പിച്ച പ്രൊഫ.എസ്.ഗുപ്തൻ നായർ ഹാൾ നാടക റിഹേഴ്സലുകൾക്കും മറ്റുമായി ഒരു ദിവസം 150/- രൂപ നിരക്കിൽ വാടകയ്ക്ക് നൽകിവരുന്നു. കോവിഡ് നിയന്ത്രണങ്ങൾ കാരണം റിപ്പോർട്ട് വർഷം ഹാൾ 123 ദിവസം വിവിധ പരിപാടികൾക്കായി നൽകുകയുണ്ടായി. വാടകയിനത്തിൽ 18,900/-രൂപ അക്കാദമിക്ക് ലഭിച്ചിട്ടുണ്ട്.

## 28. നടൻ മുരളി തുറസ്സരങ്ങ്

മികച്ച അഭിനയപ്രതിഭയും അക്കാദമിയുടെ മുൻ ചെയർമാനുമായിരുന്ന ഭരത് മുരളിയുടെ സ്മരണകൾ ഉണർത്തുന്ന വിശാലമായ രംഗവേദി കെ.ടി.മുഹമ്മദ് തിയറ്ററിനു പുറകിൽ സ്ഥിതി ചെയ്യുന്നു. കേരളത്തിലെ അരങ്ങുകളിൽ ഭരത് മുരളി തുറസ്സരങ്ങിന് സമാനമായ മറ്റൊരു രംഗവേദി ഇല്ല. ആയിരത്തോളം പേർക്ക് സ്വസ്ഥമായിരുന്ന് വീക്ഷിക്കാവുന്ന ഗാലറിയും അതിവിപുലമായ സ്റ്റേജ് സൗകര്യവും ഭരത് മുരളി തുറസ്സരങ്ങിന്റെ സവിശേഷതകളാണ്. അക്കാദമി വർഷം തോറും നടത്തിവരുന്ന നാടകോത്സവത്തിന്റെ മുഖ്യ വേദി ഭരത് മുരളി തുറസ്സരങ്ങാണ്.

നടൻ മുരളി തുറസ്സരങ്ങ് വേദിക്ക് അക്കാദമി അംഗീകാരമുള്ള കലാസംഘടനകൾക്ക് 8 മണിക്കൂറിന് 2,200/-രൂപയും മുഴുവൻ ദിവസത്തേക്ക് (14 മണിക്കൂറിന്) 3,200/-രൂപയും, മറ്റ് സംഘടനകൾക്ക് യഥാക്രമം 3,200/-രൂപ, 4,200/-രൂപ എന്നിങ്ങനെയും വാടക ഈടാക്കി വരുന്നുണ്ട്.

നടൻ മുരളി തുറസ്സരങ്ങ് ഉൾപ്പെടെയുള്ള ഓപ്പൺ എയർ വേദികളിൽ നിന്നും 8,600/-രൂപ വാടകയിനത്തിൽ അക്കാദമിക്ക് ലഭിച്ചിട്ടുണ്ട്.

## 29. 40 കെ.വി.എ.ജനറേറ്റർ

മുൻവർഷത്തെപ്പോലെ തിയ്യറ്ററിൽ പരിപാടി നടത്തുന്ന കലാസമിതികൾക്കും സംഘടനകൾക്കും ജനറേറ്റർ വാടകയായി ആദ്യത്തെ ഒരു മണിക്കൂറിന് 500/-രൂപയും തുടർന്നു വരുന്ന ഒരോ മണിക്കൂറിനും 300/-രൂപയും കൂടാതെ ആവശ്യമായ ഡീസലും എന്ന വ്യവസ്ഥയിൽ തന്നെയാണ് അനുവദിച്ചു വരുന്നത്. 30-05-2007ൽ ചേർന്ന അക്കാദമി നിർവ്വാഹക സമിതിയുടെ 10-ാം നമ്പർ തീരുമാനപ്രകാരം അക്കാദമി ഓഫീസിന്റെ ആവശ്യങ്ങൾക്കും ജനറേറ്റർ ഉപയോഗിച്ചുവരുന്നു. ഇതിനാവശ്യമായ തുക അക്കാദമി പദ്ധതിയേതര ഇനത്തിൽ ചെലവഴിച്ചുവരുന്നു.

## 30. അക്കാദമി കാന്റീൻ

കൊവിഡ് കാരണത്താലും സാങ്കേതിക കാരണത്താലും 2021-2022 വർഷം കാന്റീൻ തുറന്ന് പ്രവർത്തിച്ചിട്ടില്ല.

## 31. കലാകാരൻമാർക്ക് യാത്രാ സൗജന്യം

പരിപാടികൾ അവതരിപ്പിക്കുന്നതിനുവേണ്ടി യാത്ര ചെയ്യുന്ന പ്രൊഫഷണൽ കലാകാരന്മാർക്ക് താങ്ങായി ട്രെയിൻ യാത്രാസൗജന്യം അക്കാദമി ഏർപ്പെടുത്തി വരുന്നുണ്ട്.

അക്കാദമി ഇങ്ങനെ ഏർപ്പെടുത്തുന്ന 75% യാത്രാ സൗജന്യം കലാകാരന്മാർക്ക് വലിയൊരാശ്വാസമാണ്. 300 കിലോമീറ്ററിൽ കൂടുതൽ യാത്രചെയ്യുന്ന കലാസംഘങ്ങൾക്കാണ് ഈ സൗജന്യത്തിന് അർഹതയുള്ളത്.

കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് പ്രൊഫഷണൽ കലാകാരൻമാർക്ക് ട്രെയിൻ യാത്രയ്ക്ക് 75% സൗജന്യം ലഭിക്കുന്നതിനായി റിപ്പോർട്ടു വർഷത്തിൽ 81 കലാകാരന്മാർക്ക് യാത്രാസൗജന്യം അക്കാദമിയിൽ നിന്ന് നല്കിയിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം പരി

പാടികൾക്ക് നിയന്ത്രണമുണ്ടായിരുന്നതിനാൽ അഞ്ച് സമിതികൾ മാത്രമേ ഈ പദ്ധതി പ്രയോജനപ്പെടുത്തി യുള്ളു.

## 32. അക്കാദമി കാര്യാലയം.

കലാകാര ക്ഷേമനിധി, കലാകാര പെൻഷൻ, ഇൻഷ്വറൻസ്, വിവരാവകാശനിയമം, ശില്പശാലകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്ത് ദിവസവേതനാടിസ്ഥാനത്തിൽ ക്ലർക്കുമാരായി 3 പേരും, ലൈബ്രറി, നടൻമുരളി തുറസ്സരങ്ങ്, നാട്യഗൃഹം (ബ്ലാക്ബോക്സ്), ഓപ്പൺ എയർ എന്നിവയുടെ ശുചീകരണത്തിനായി ഫുൾടൈം സ്വീപ്പറായി ദിവസ വേതനാടിസ്ഥാനത്തിൽ ഒരാളും ഗാർഡനറായി ദിവസവേതനാടിസ്ഥാനത്തിൽ ഒരാളും ജോലി ചെയ്തു വരുന്നു. അക്കാദമിയുടെ തിരുവനന്തപുരം മേഖലാ ഓഫീസിലെ കാര്യങ്ങൾ നോക്കി നടത്തുന്നതിനും ഔദ്യോഗികാവശ്യങ്ങൾക്ക് സെക്രട്ടേറിയറ്റുമായി ബന്ധപ്പെടുന്നതിനും മറ്റുമായി ക്ലർക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ഒരാളും ജോലി ചെയ്തു വരുന്നു. 22-02-2021ലെ സ.ഉ. (സാധാ) നം. 140/2021/ സാം.കാ.വ നമ്പർ പ്രകാരം അക്കാദമി പ്രസിദ്ധീകരണമായ കേളി ദ്വൈമാസികയുടെയും മറ്റു പുസ്തക പ്രസിദ്ധീകരണങ്ങളുടേയും വർക്കിംഗ് എഡിറ്ററായി ഒരാളും കേളി ദ്വൈമാസികയുടേയും മറ്റു പുസ്തക പ്രസിദ്ധീകരണങ്ങളുടേയും അക്കാദമി സംഘടിപ്പിക്കുന്ന പരിപാടികൾ സംബന്ധിച്ച ബ്രോഷറുകളുടേയും ഡിസൈനിങ്ങും ലേ ഔട്ടും നിർവ്വഹിക്കുന്നതിനുമായി ഡിസൈനറായി ഒരാളും സ.ഉ. (സാധാ.) നം. 236/2021/ സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം എം.ആർ.ബിയുടെ നാമത്തിലുള്ള അക്കാദമി ഗ്രന്ഥാലയത്തിൽ കരാർ അടിസ്ഥാനത്തിൽ ലൈബ്രേറിയനായി ഒരാളും ജോലി ചെയ്തു വരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം അക്കാദമി നടത്തുന്ന പരിപാടികളിൽ പ്രോഗ്രാം ഓഫീസറെ പദ്ധതി പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത് സഹായിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ 2 പ്രൊജക്ട് അസിസ്റ്റന്റുമാരും ജോലിചെയ്തു വരുന്നു.

| | |
|---|---|
| സെക്രട്ടറി | 1 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| പ്രോഗ്രാം ഓഫീസർ | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| എൽ.ഡി.ക്ലർക്ക് | 6 |
| എൽ.ഡി.ടൈപ്പിസ്റ്റ് (മലയാളം) | 1 |
| എഡിറ്റോറിയൽ അസിസ്റ്റന്റ് | 1 |
| ഡ്രൈവർ-കം-ക്ലീനർ | 1 |
| പ്യൂൺ | 2 |
| ഫുൾടൈം സ്വീപ്പർ | 1 |
| നൈറ്റ് വാച്ച്മാൻ | 1 |
| അക്കാദമി തിയേറ്റർ<br>ലൈൻമാൻ-കം-കെയർടേക്കർ<br>സ്വീപ്പർ-കം-വാച്ച്മാൻ | <br>1<br>1 |
| നാട്യഗൃഹം<br>(ബ്ലാക്ക്ബോക്സ് തിയേറ്റർ)<br>പാർട്ട് ടൈം സ്വീപ്പർ | 1 |
| ആർട്ടിസ്റ്റ് കോട്ടേജ്<br>(ഗസ്റ്റ് ഹൗസ്)<br>പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | 21 |

## വരവു ചെലവ് കണക്കുകൾ

2021-2022 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം -2)

(ഒപ്പ്)

**കരിവെള്ളൂർ മുരളി**
സെക്രട്ടറി

## അനുബന്ധം –1

# കേരള സംഗീത നാടക അക്കാദമി നിർവ്വാഹകസമിതി 2021–2022

| | |
|---|---|
| 1. ശ്രീ.സേവ്യർ പുൽപ്പാട്ട്,<br>അരങ്ങ്,<br>എസ്.എൻ പുരം,<br>തായ്ക്കാട്ടുകര,<br>ആലുവ-683 106.<br>ഫോൺ: 9847223420<br>9400625941 | 7 ഡോ.രാജശ്രീ വാര്യർ,<br>ഹരിശ്രീ,KARA 190,<br>നന്ദനം ഹിൽസ്,<br>കരിമൺകുളം റോഡ്,<br>വട്ടിയൂർക്കാവ്, അറപ്പുര ജംഗ്ഷൻ,<br>തിരുവനന്തപുരം - 695 013.<br>ഫോൺ: 9447075800 |
| 2. കെ.ജനാർദ്ദനൻ,<br>(സെക്രട്ടറി ഇൻചാർജ്ജ്)<br>അഡീഷണൽ സെക്രട്ടറി,<br>സാംസ്കാരിക കാര്യ വകുപ്പ്,<br>സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം. | 8 ശ്രീ.കലാമണ്ഡലം ശിവൻ നമ്പൂതിരി,<br>വൈശാഖി,<br>ഏത്തന്നൂർ.പി.ഒ.,<br>പാലക്കാട് - 678 502<br>ഫോൺ: 9745415676 |
| 3. ശ്രീ.ഫ്രാൻസിസ്.ടി.മാവേലിക്കര,<br>മാവേലിക്കര.പി.ഒ.,<br>ആലപ്പുഴ-690 101.<br>ഫോൺ: 9447976354 | 9. ശ്രീ. ശ്രീനി.ജി,<br>ജോയിന്റ് സെക്രട്ടറി<br>ധനകാര്യവകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം - 695 001. |
| 4. ശ്രീ.വി.ടി.മുരളി,<br>മഞ്ജിമ,<br>മടപ്പള്ളി കോളേജ്.പി.ഒ.,<br>വടകര - 673 102.<br>കോഴിക്കോട്.<br>ഫോൺ: 9446511239. | 10 ശ്രീമതി റാണി ജോർജ് ഐ.എ.എസ്.,<br>പ്രിൻസിപ്പൽ സെക്രട്ടറി,<br>സാംസ്കാരിക വകുപ്പ്,<br>സെക്രട്ടേറിയറ്റ്, 695 001.<br>തിരുവനന്തപുരം-695 001. |
| 5. ശ്രീ.വിദ്യാധരൻ മാസ്റ്റർ,<br>മ്യൂസിക് ഡയറക്ടർ,<br>ആറാട്ടുപുഴ.പി.ഒ.,<br>തൃശൂർ - 680 562.<br>ഫോൺ: 9847211717. | 11 ഡയറക്ടർ,<br>സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം,<br>അനന്തവിലാസം കൊട്ടാരം, ടി.സി.37/836,<br>തെക്കെതെരുവ്, ഫോർട്ട് പി.ഒ.,<br>തിരുവനന്തപുരം - 695 023 |
| 6 ശ്രീ.പ്രേമപ്രസാദ്,<br>വന്നേരി,<br>നടുവിൽക്കര.പി.ഒ.,<br>വാടാനപ്പള്ളി,<br>തൃശൂർ - 680 614.<br>ഫോൺ: 9847396635 | 12 ജില്ലാ കളക്ടർ,<br>കളക്ടറേറ്റ്,<br>അയ്യന്തോൾ,<br>തൃശൂർ-680 003. |

| കേരള സംഗീത നാടക അക്കാദമി 2021–2022<br>എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പുറമെയുളള ജനറൽ കൗൺസിൽ അംഗങ്ങൾ | |
|---|---|
| 13 ശ്രീ. മട്ടന്നൂർ ശങ്കരൻകുട്ടിമാരാർ,<br>ശിവകൃഷ്ണ,<br>ശ്രീമഹാദേവക്ഷേത്രത്തിനു സമീപം,<br>മട്ടന്നൂർ.പി.ഒ.,<br>കണ്ണൂർ - 670 702.<br>ഫോൺ: 9447240755. | 20 ശ്രീ. കെ.കുമാരൻ,<br>ലക്ഷ്മിപുരം,<br>മാടായി അതിർത്തി,<br>പി.ഒ.മാടായി,<br>കണ്ണൂർ - 670 304.<br>ഫോൺ: 9446476315 |
| 14 ശ്രീ. എം.ജി.ശശി,<br>കനവ്,<br>ആറങ്ങോട്ടുകര.പി.ഒ.,<br>തൃശൂർ - 680 593.<br>ഫോൺ: 9495226211. | 21 ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ,<br>മനസ്സ്,<br>കാവല്ലൂർ, വട്ടിയൂർകാവ്,<br>തിരുവനന്തപുരം - 695 013.<br>ഫോൺ: 9446967175. |
| 15 ശ്രീ. മുഖത്തല ശിവജി,<br>ദീപാഭവൻ,<br>മുഖത്തല.പി.ഒ.,<br>കൊല്ലം - 691 577.<br>ഫോൺ: 9895586894 | 22 ശ്രീ. കുഴൽമന്ദം രാമകൃഷ്ണൻ,<br>കുഴൽമന്ദം.പി.ഒ.,<br>പാലക്കാട്. 680 678.<br>ഫോൺ: 9447963738 |
| 16 ശ്രീമതി ശ്രീജ ആറങ്ങോട്ടുകര,<br>കലാപാഠശാല,<br>ആറങ്ങോട്ടുകര,<br>തൃശൂർ - 679 532.<br>ഫോൺ: 9446530309 | 23 ശ്രീ. അയിലം ഉണ്ണികൃഷ്ണൻ,<br>കാഥികൻ,<br>പാങ്ങപ്പാറ.പി.ഒ.,<br>തിരുവനന്തപുരം. 695 581.<br>ഫോൺ: 9446418535. |
| 17 ശ്രീമതി വൈക്കം വിജയലക്ഷ്മി,<br>ഉഷാ നിലയം,<br>ഉദയനാപുരം.പി.ഒ., വൈക്കം,<br>കോട്ടയം - 686 143.<br>ഫോൺ - 9447416128. | 24 കലാ: സി.എം.ബാലസുബ്രഹ്മണ്യൻ,<br>ബി/2 അമ്പാടി അപ്പാർട്ട്മെന്റ്സ്,<br>പൂങ്കുന്നം.പി.ഒ.,<br>തൃശൂർ - 680 002.<br>ഫോൺ: 9847390064 |
| 18 ശ്രീ. ഡി. രഘൂത്തമൻ,<br>വി.എ.ആർ.എ.292-എ,<br>അറപ്പുര ഗാർഡൻസ്,<br>അറപ്പുര, വട്ടിയൂർക്കാവ്.പി.ഒ,<br>തിരുവനന്തപുരം. 695 013.<br>ഫോൺ: 9387490220. | 25 ശ്രീ. മണ്ണൂർ ചന്ദ്രൻ,<br>ചിറയിൽ വീട്,<br>മണ്ണൂർ.പി.ഒ.,<br>പാലക്കാട് - 678 642.<br>ഫോൺ: 9961974256 |
| 19 ശ്രീമതി പല്ലവി കൃഷ്ണൻ,<br>ചാരുലത,<br>16 വേ സ്ട്രീറ്റ്,<br>ഹരി നഗർ,<br>പൂങ്കുന്നം, തൃശ്ശൂർ - 680002.<br>ഫോൺ: 9447181584 | 26 ശ്രീ. പയ്യന്നൂർ കൃഷ്ണൻകുട്ടി മാസ്റ്റർ,<br>തുളളൽ ആർട്ടിസ്റ്റ്,<br>ഐശ്വര്യ,<br>എച്ചിലാംവയൽ, വെളളൂർ.പി.ഒ.,<br>കണ്ണൂർ - 670 346.<br>ഫോൺ: 9961338646 |

## കേരള സംഗീത നാടക അക്കാദമി 2021-2022
### എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പുറമെയുള്ള ജനറൽ കൗൺസിൽ അംഗങ്ങൾ

| | |
|---|---|
| 27. ശ്രീ. ടി.പി.വേണുഗോപാലൻ,<br>കണവത്ത് വീട്,<br>പാപ്പിനിശ്ശേരി വെസ്റ്റ്.പി.ഒ.,<br>കണ്ണൂർ - 670 661.<br>ഫോൺ: 9496140052 | 29. ശ്രീ. എ.വി. അജയകുമാർ,<br>മൃൺമയ,<br>കീച്ചേരി. പി.ഒ., അഞ്ചാംപീടിക,<br>കണ്ണൂർ - 670 331<br>ഫോൺ: 9847305856 |
| 28. ശ്രീ. എൻ.ബാലമുരളീകൃഷ്ണൻ,<br>ചിത്രം, ഏവൂർ നോർത്ത്,<br>ചേപ്പാട്, ആലപ്പുഴ.<br>ഫോൺ: 9961635575 | |

## കേരള സംഗീത നാടക അക്കാദമി 2021-2022
### ഫിനാൻസ് കമ്മിറ്റി

| | |
|---|---|
| 1 ജില്ലാ കളക്ടർ,<br>കളക്ടറേറ്റ്,<br>അയ്യന്തോൾ,<br>തൃശൂർ-680 003. | 4 ശ്രീ. പ്രേമപ്രസാദ്,<br>വന്നേരി,<br>നടുവിൽക്കര.പി.ഒ.,<br>വാടാനപ്പള്ളി,<br>തൃശൂർ - 680 614.<br>ഫോൺ: 9847396635 |
| 2 ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്.,<br>പ്രിൻസിപ്പൽ സെക്രട്ടറി,<br>സാംസ്കാരിക വകുപ്പ്,<br>സെക്രട്ടേറിയറ്റ്, 695 001.<br>തിരുവനന്തപുരം-695 001. | 5 ശ്രീമതി ശ്രീജ ആറങ്ങോട്ടുകര,<br>കലാപാഠശാല,<br>ആറങ്ങോട്ടുകര,<br>തൃശൂർ - 679 532.<br>ഫോൺ: 9446530309 |
| 3 ശ്രീ. ജി. ശ്രീനി,<br>ജോയിന്റ് സെക്രട്ടറി,<br>ധനകാര്യവകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. | 6 കെ. ജനാർദ്ദനൻ,<br>(സെക്രട്ടറി ഇൻചാർജ്ജ്),<br>അഡീഷണൽ സെക്രട്ടറി,<br>സാംസ്കാരിക കാര്യ വകുപ്പ്,<br>സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം. |

**കേരള സംഗീത നാടക അക്കാദമി, തൃശൂർ – 20**

**2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള വരവു ചെലവു കണക്കുകൾ**

| | | | | | |
|---|---|---|---|---|---|
| **വർഷാരംഭത്തിൽ** | | | **എസ്റ്റാബ്ലിഷ്മെന്റ്** | | |
| നീക്കിയിരിപ്പ് തുക | 250 | | ശമ്പളം | 75,64,982 | |
| കയ്യിലിരിപ്പ് തുക | 9,856 | | ജി.പി.എഫ് | 18,61,861 | |
| ഡി.എഫ് അക്കൗണ്ട് | 1,00,000 | | | | 94,26,843 |
| പ്ലാൻ ഡി.ഡി. തുക | 93,551 | | **ഓണറേറിയം** | 5,15,289 | |
| എസ്.ടി.എസ്.ബി. അക്കൗണ്ട് | 9,99,700 | | | | 5,15,289 |
| പി.എസ്.ടി.എസ്.ബി.അക്കൗണ്ട് | 9,95,000 | | **യാത്രാബത്ത** | | |
| എസ്.ബി അക്കൗണ്ട് (നോൺ പ്ലാൻ) | 13,35,299.65 | | മെമ്പർമാർക്ക് | 1,73,821 | |
| എസ്.ബി അക്കൗണ്ട് (പ്ലാൻ) | 1,32,48,407.71 | | സ്റ്റാഫിന് | 24,243 | |
| ജി.പി.എഫ് അക്കൗണ്ട് | 1,00,000 | | | | 1,98,064 |
| പി.ഡി. അക്കൗണ്ട് | 1,40,028 | | **മറ്റു ചെലവുകൾ** | | |
| എസ്.ബി.ഐ അക്കൗണ്ട് (ശക്തൻ ബ്രാഞ്ച്) | 3,799.60 | | പ്രിന്റിംഗ്/സ്റ്റേഷനറി | 1,56,813 | |
| പ്ലാൻ എഫ്.ഡി | | | പോസ്റ്റേജ് | 18,442 | |
| (എസ്.എൽ. പുരം സദാനന്ദൻ പുരസ്കാരം | 20,00,000 | | ടെലഫോൺ ചാർജ്ജ് | 60,725 | |
| കോർപ്പസ് ഫണ്ട്) | | | ഇലക്ട്രിസിറ്റി ചാർജ്ജ് | 1,90,497 | |
| എൻഡോവ്മെന്റ് അവാർഡ് എഫ്ഡി | 62,500 | | വാഹനം | 1,87,451 | |
| (5000+10000+15000+12500+20000) | | | ഓഡിറ്റ് ഫീ | 78,601 | |
| എൻഡോവ്മെന്റ് അവാർഡ് | | | പലവക ചെലവുകൾ | 9,24,764.50 | |
| (എഫ്.ഡി. പലിശ) | 81,864 | | | | 16,17,293.50 |
| | | 1,91,70,255.96 | **നോൺപ്ലാൻ ആകെ ചെലവ്** | | **1,17,57,489.50** |

| | | | | | |
|---|---|---|---|---|---|
| **ഗവ: ഗ്രാന്റ് നോൺപ്ലാൻ** | | | **ജി.പി.എഫ് (ലോൺ)** | 4,13,900 | |
| 1. സ.ഉ.(സാധാ)നം. 246/2021/സാം.കാ.വ | | | | | 4,13,900 |
| തിയതി, തിരുവനന്തപുരം 06-07-2021 | 27,33,750 | | **ജി.പി.എഫ് പലിശ** (പിൻവലിച്ചത്) | 1,238 | |
| 2. സ.ഉ.(സാധാ)നം.436/2021/സാം.കാ.വ | | | | | 1,238 |
| തിയതി, തിരുവനന്തപുരം 19-11-2021 | 44,25,500 | | അമേച്വർ നാടകം | 35,28,800 | |
| 3. സ.ഉ.(സാധാ)നം. 66/2022/CLAD തിയതി, | | | | | 35,28,800 |
| തിരുവനന്തപുരം 14-02-2022 | 37,75,750 | | **പദ്ധതി ചെലവുകൾ** | | |
| | | 1,09,35,000 | പബ്ലിക്കേഷൻ | 19,22,461 | |
| **സർക്കാരിലേക്ക് പിൻവലിച്ച് തിരികെ തന്നത്** | 98,85,218 | | മ്യൂസിയം/ലൈബ്രറി | 6,98,396 | |
| | | 98,85,218 | സ്റ്റൈപ്പന്റ്/സ്കോളർഷിപ്പ് | 9,34,755 | |
| | | | (1,96,755+7,38,000) | | |
| 1. നം. എ2-912/22/സാം.വ, തിരുവനന്തപുരം | | | | | |
| തിയതി 31-01-2022 (തെരുവരങ്ങ് | | | അമേച്വർ നാടകം | 10,42,215 | |
| | | | പ്രൊഫഷണൽ നാടകം | 24,43,478 | |
| നാടകോത്സവം 2021-2022) | 10,00,000 | | കലോത്സവങ്ങൾ | 46,14,098 | |
| | | 10,00,000 | ഡോക്യുമെന്റേഷൻ | 1,50,000 | |
| 2. സ.ഉ.(സാധാ) നം. 80/2022/CLAD തിയതി, | | | സ്വാതി സംഗീതോത്സവം | 3,54,341 | |
| തിരുവനന്തപുരം 15-02-2022 (പ്രൊമോഷൻ | | | ശില്പശാലകൾ | 48,305 | |
| ഓഫ് പ്രൊഫഷണൽ ഡ്രാമ) | 2,00,00,000 | | ഇറ്റ്ഫോക് (ഹോപ്പ്ഫെസ്റ്റ്) | 36,04,114 | |
| | | 2,00,00,000 | എസ്.എൽ.പുരം സദാനന്ദൻ | | |
| | | | പുരസ്കാരം | 1,50,895 | |
| **നോൺപ്ലാൻ മറ്റ് വിവരങ്ങൾ** | | | നിർമ്മാണ പ്രവർത്തനങ്ങൾ | 29,07,902 | |
| എസ്.ബി. അക്കൗണ്ട് പലിശ | 33,081 | | അവാർഡ്/ഫെലോഷിപ്പ് | 16,70,535 | |
| (9238+8396+42+6491+8914) | | 33,081 | ഖരമാലിന്യ സംസ്കരണം | 1,04,700 | |
| | | | | | 2,06,46,195 |

| | | | | | |
|---|---|---|---|---|---|
| ജി.പി.എഫ് | 18,61,861 | 18,61,861 | വജ്രജൂബിലി/ഫെലോഷിപ്പ് ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടച്ചത് | 1,11,48,249 | 1,11,48,249 |
| ഇന്നോവ കാർ വാടക | 9,420 | 9,420 | മെഡിക്ലെയിം ഇൻഷ്വറൻസ് | 9,99,031 | 9,99,031 |
| **ഗവ: ഗ്രാന്റ് പ്ലാൻ** | | | സെക്യൂരിറ്റി തുക തിരിച്ചു നല്കിയത് | 1,55,000 | 1,55,000 |
| 1. സ.ഉ(സാധാ) നം. 242/2021/സാം.ക.വ തിയതി, തിരുവനന്തപുരം 05-07-2021 | 1,25,00,000 | | കോവിഡ് - 19 | 16,610 | 16,610 |
| 2. സ.ഉ(സാധാ) നം. 249/2021/സാം.ക.വ തിയതി, തിരുവനന്തപുരം 06-07-2021 | 3,52,20,434 | | **ഡി.എഫ്.അക്കൗണ്ട്** | | |
| 3. ജി.ഒ (ആർ.ടി) നം. 506/2021/CLAD തിയതി, തിരുവനന്തപുരം 31-12-2021 | 22,79,566 | 5,00,00,000 | വേതനം | 25,000 | |
| | | | വാടക/സെക്യൂരിറ്റി തിരികെ നൽകിയത് | 15,084 | |
| **പ്ലാൻ മറ്റു വരവുകൾ** | | | വാഹനം | 1,03,562 | |
| സ.ഉ(സാധാ)നം. 111/2022/ തിയതി, തിരുവനന്തപുരം, 01-03-2022 (മെഡിക്ലെയിം ഇൻഷ്വറൻസ്) | 2,49,031 | 2,49,031 | ജനറേറ്റർ & ഇലക്ട്രിക്കൽ ജോലികൾ | 4,710 | |
| | | | പലവക ചെലവുകൾ | 39,783 | |
| എസ്.ബി. അക്കൗണ്ട് പലിശ (90,636+46,538+24,517+46,473) | 2,08,164 | 2,08,164 | മെയ്ന്റനൻസ് | 5,065 | 1,93,204 |
| | | | **ഗവ.ഗ്രാന്റ് പിൻവലിച്ച തുകകൾ** | | |
| | | | എസ്.ടി.എസ്.ബി. അക്കൗണ്ട് | 2,66,92,121 | |
| എസ്.ബി.ഐ, ശക്തൻബ്രാഞ്ച് (പലിശ) | 104 | 104 | പി.എസ്.ടി.എസ്.ബി. അക്കൗണ്ട് | 2,68,30,103 | |
| | | | ഡി.എഫ് അക്കൗണ്ട് | 6,44,021 | |
| | | | ജി.പി.എഫ് അക്കൗണ്ട് | 2,92,733 | 5,44,58,978 |

| | | | | | |
|---|---|---|---|---|---|
| എൻഡോവ്മെന്റ് അവാർഡ് എഫ്.ഡി പലിശ | 5,940 | | **ആകെ ചെലവ്** | | **10,33,18,694.50** |
| | | 5,940 | | | |
| **സർക്കാരിലേക്ക് പിൻവലിച്ച് തിരികെ തന്ന തുക** | | | **വർഷാവസാനത്തിൽ** | | |
| സ.ഉ.(സാധാ) നം. 2072/2022/FIN തിയതി, | | | നീക്കിയിരിപ്പ് തുക | 13,300 | |
| തിരുവനന്തപുരം 19-03-2022 | | | ഇംപ്രസ്റ്റ് തുക | 9,856 | |
| | | | ഡി.എഫ്. അക്കൗണ്ട് | 42,73,178 | |
| ഡി.എഫ് അക്കൗണ്ട് | 37,53,411 | | എസ്.ബി. അക്കൗണ്ട് നോൺ പ്ലാൻ | 12,20,370.15 | |
| | | 37,53,411 | എസ്.ബി.അക്കൗണ്ട് പ്ലാൻ | 41,38,958.71 | |
| ജി.പി.എഫ് അക്കൗണ്ട് | 16,75,567 | | എസ്.ടി.എസ്.ബി അക്കൗണ്ട് | 10,00,000 | |
| | | 16,75,567 | പി.എസ്.ടി.എസ്.ബി അക്കൗണ്ട് | 10,00,000 | |
| എസ്.ടി.എസ്.ബി. അക്കൗണ്ടിൽ വരവായി | | | ജി.പി.എഫ് അക്കൗണ്ട് | 29,80,748 | |
| വന്ന തുക | 1,062 | | പി.ഡി അക്കൗണ്ട് | 1,40,028 | |
| | | 1,062 | പ്ലാൻ എഫ്.ഡി (എസ്.എൽ. | | |
| സെക്യൂരിറ്റി ഡി.ഡി. തുക | 2,20,000 | | പുരം സദാനന്ദൻ പുരസ്കാരം | 20,00,000 | |
| | | 2,20,000 | കോർപ്പസ് ഫണ്ട്) | | |
| **ജി.പി. എഫ് പലിശ** | 51,191 | | എൻഡോവ്മെന്റ് അവാർഡ് | | |
| | | 51,191 | എഫ്.ഡി | | |
| | | | (5000+10000+15000+20000+12500) | 62,500 | |
| **ഡി.എഫ് അക്കൗണ്ട്** | | | എൻഡോവ്മെന്റ്അവാർഡ് | | |
| എസ്.എൽ. പുരം എഫ്.ഡി. പലിശ | 1,70,004 | | എഫ്.ഡി പലിശ | 87,804 | |
| | | 1,70,004 | എസ്.ബി.ഐ അക്കൗണ്ട് | 3,903.60 | |
| **ഡി.എഫ് അക്കൗണ്ട് പലിശ** | 1,26,332 | | (ശക്തൻബ്രാഞ്ച്) | | |
| | | | | | 1,69,30,646.46 |
| | | 1,26,332 | | | |

| | | | | | |
|---|---|---|---|---|---|
| **ഡി.എഫ് അക്കൗണ്ട് വരവുകൾ** | | | | | |
| തിയേറ്റർ വാടക | 2,87,316 | | | | |
| നാട്യഗൃഹം | 26,820 | | | | |
| ആർട്ടിസ്റ്റ് കോട്ടേജ് | 44,200 | | | | |
| ഗുപ്തൻ നായർ ഹാൾ | 18,900 | | | | |
| ഓപ്പൺ എയർ തിയേറ്റർ | 8,600 | | | | |
| പബ്ലിക്കേഷൻ | 55,223 | | | | |
| കേളി | 3,55,920 | | | | |
| അമേച്വർ കലാസമിതി അംഗീകാരഫീസ് | 20,100 | | | | |
| പ്രൊഫഷണൽ കലാസമിതി അംഗീകാരഫീസ് | 30,200 | | | | |
| ജനറേറ്റർ വാടക | 1,322 | | | | |
| ജി.എസ്.ടി | 34,965 | | | | |
| സെസ്സ് | 575 | | | | |
| പലവക വരവുകൾ | 2,958 | | | | |
| | | 8,87,099 | | | |
| ബാങ്ക് അക്കൗണ്ടിൽ വരവായി വന്ന തുക | 6,600 | | | | |
| | | 6,600 | | | |
| | | 12,02,49,340.96 | | | 12,02,49,340.96 |

(ഒപ്പ്)

**കരിവെള്ളൂർ മുരളി**

സെക്രട്ടറി

**കേരള സംഗീത നാടക അക്കാദമി**
തൃശൂർ – 680 020
ഫോൺ: 0487 2332134, 2332548, 2327427
മൊബൈൽ നമ്പർ: 9447092134
e-mail: ksnakademi@gmail.com
website: www.keralasangeethanatakaakademi.in